# ഗ്രാമഭൂമി

ദ്വൈമാസിക

റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

പുസ്തകം 37 ലക്കം 4 ● 2014 ജൂലായ് – ആഗസ്റ്റ്


## ഉള്ളടക്കം


*മുഖവുര*

**മഴവെള്ള സംഭരണം** ........................................ 5



**വനിത കർഷക സംഘം നെൽകൃഷിയിലേയ്ക്ക്**

കെ. ശശിധരൻ നായർ ........................................ 6



**നൂറ്റാണ്ടിന്റെ നിയമം, നന്മയുടെ പദ്ധതി**

പി.സി.മജീദ് ........................................ 9



**മർവയുടെ പലഹാരമഹിമ**

ജോളി വിജയൻ ........................................ 14

**വിജയഗാഥ**

സജു ഗോപിനാഥ് ........................................ 15



**ആദ്യത്തെ ഇരട്ടിമധുരം** ........................................ 16



**പട്ടിന്റെ പാതയിലൂടെ**

സി. കബനി ........................................ 18

**പെരിങ്ങരയിലെ പെരുമ**

എൻ.കെ ഷൈല ........................................ 22

**മലയോര വികസന പന്ഥാവിലേക്ക് പുത്തൻ ചുവടുവയ്പുകളുമായി ഹാഡ**

ഡി. സരോജം ........................................ 24



**എന്താണ് ഇ-ഗ്രാം** ........................................ 28

**മഴക്കാല രോഗങ്ങൾ**

ഡോ. എ എം ഖാദർ ........................................ 30


**വർഷകാലവും ആയൂർവേദവും**

ഡോ.എം.സി. വിജയചന്ദ്രദാസ് ........................................ 32

**അറിയാൻ** ........................................ 34



# കത്തുകൾ




## കടൽ സ്ഥിതി തകരാതെ സംരക്ഷിക്കുക

കേരളത്തിൽ ധാരാളമായി ലഭിച്ചുകൊണ്ടിരിക്കുന്ന നല്ല ഇനം മത്സ്യങ്ങളിൽ പലതിന്റെയും ലഭ്യത കുറഞ്ഞിരിക്കുന്നു. ചിലവ പാടേ ഇല്ലാതായിരിക്കുന്നു. ഏറെ പറഞ്ഞാൽ കടലിലെ എല്ലാ സമ്പത്തിനും അനുദിനം തകർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നു. സ്വാഭാവിക പാരുകളും പവിഴപുറ്റുകളും ഉൾപ്പെടെ വ്യാപകമായ നഷ്ടം നാം കണ്ടുനിൽക്കേണ്ടി വരുന്നു. നമ്മുടെ മനോഭാവം മാറ്റണം. കടൽത്തീരങ്ങളിലും കടലിലും വികസനത്തിന്റെ പേരിൽ നടത്തുന്ന സുചിന്തിതമല്ലാത്തതും ദീർഘവീക്ഷണമില്ലാത്തതുമായ പ്രവർത്തനങ്ങൾ കേരളത്തിന്റെ സമ്പദ് സമൃദ്ധമായ തീരക്കടലിന്റെ വ്യവസ്ഥിതിയെ തകർക്കുന്നതായി കാണാം. കടൽ ജലത്തിലാണ് എല്ലാ മലിനവസ്തുക്കളും നിക്ഷേപിക്കപ്പെടുന്നത്. അഴിപൊഴികളിലൂടെ ഒഴുകിയെത്തുന്നത് മലിനവസ്തുക്കളും രാസപദാർത്ഥങ്ങളും കലർന്ന ജലമാണ്. തീരക്കടൽ ജലമലിനീകരണത്തിന്റെ പ്രധാനകാരണം - പ്രദേശത്തെ ഫാക്ടറികളിൽ നിന്നും വ്യവസായ ശാലകളിൽ നിന്നും മലിനജലം കടലിലേക്ക് ഒഴുകുന്നതിനാലാണ്. ഇതെല്ലാം കടൽ സ്ഥിതിയെ തകർക്കും. അതുപോലെ കടൽതീരത്ത് നിന്നും അനിയന്ത്രിത മണൽ വാരൽ മൂലം തീരപ്രദേശത്തിന്റെ സ്വാഭാവികാവസ്ഥയിലും ഉണ്ടാകുന്ന മാറ്റങ്ങൾ ഒക്കെ കടൽസ്ഥിതിയിൽ ഏറെ പ്രത്യാഘ്യാതങ്ങൾ ഉണ്ടാക്കുന്നു. എന്നാൽ ഇവയൊക്കെ കടൽ തന്നെ തുലനം ചെയ്യുന്നു. കടലാക്രമണമായും കടലെടുക്കലായും മണ്ണിടിച്ചിലായും സുനാമിയുമൊക്കെ ഒന്നോർക്കുക. നാം തന്നെ നമുക്കുള്ള വിപത്തുക്കൾ ഉണ്ടാക്കുന്നു.

**രമ്യാ സുധീരൻ, അയിലൂർ**

## ചിട്ടവട്ടങ്ങൾ വരുത്തുന്ന വിപത്തുക്കൾ

മെയ്, ജൂൺ ലക്കത്തിലും അതിന് മുമ്പും ഗ്രാമഭൂമിയിൽ വന്ന സി ചന്ദ്രബാബുവിന്റെ ലേഖനം വായിച്ചു ഉന്നതനിലവാരം പുലർത്തുന്ന സമഗ്ര മേഖലയേയും ബാധിക്കുന്ന മാലിന്യപ്രശ്നം വളരെ ശക്തമായി വിവരിക്കുന്നു. നാം വലിച്ചെറിയുന്ന വസ്തുക്കൾക്ക് പിന്നെന്ത് സംഭവിക്കുന്നു എന്ന് നാം ചിന്തിക്കുന്നേയില്ല. സമ്പന്നതയുടെ അളവായി മാലിന്യക്കൂമ്പാരത്തെ കാണാം. മനുഷ്യൻ തന്റെ രീതിയിൽ കാണിക്കുന്നത് എന്തു കഴിക്കുന്നു എന്നതല്ല. എന്താണ് വലിച്ചെറിയുന്നു എന്നതിനാണ്. എല്ലാ തിന്മകൾക്കുമുള്ള ഒരു അളവാണ് മാലിന്യക്കൂമ്പാരം. കൂടുതൽ ഉണ്ടാക്കുകയും കൂടുതൽ വലിച്ചെറിയുകയും ചെയ്യുന്നത് സംസ്കാരമായി മാറിയതുപോലെ. എല്ലായ്പ്പോഴും പുതിയ ഉത്പന്നങ്ങൾ ഉണ്ടാക്കുകയും (ആവശ്യമില്ലെങ്കിൽ കൂടി) അത് വലിച്ചെറിയുകയും ചെയ്യുന്നത് വികസനമോ? അഥവാ മാർക്കറ്റുകളുണ്ടാക്കി വിറ്റഴിച്ചാൽ പിന്നീടിതിനെന്തു സംഭവിക്കും? ഒന്നിരുത്തി ചിന്തിക്കുമോ? നമുക്ക് മിതവ്യയം പാലിച്ചുകൂടേ? ധൂർത്തിനായി വാങ്ങിക്കൂട്ടുന്ന സാധനങ്ങളിൽ പലതും മറ്റുള്ളവന്റെ കൂടി ആരോഗ്യ പ്രശ്നമാണെന്ന് ചിന്തിക്കണം. പാക്കേജിംഗ് സംവിധാനം റോക്കറ്റ് വേഗത്തിൽ വളരുന്നു. മാലിന്യങ്ങൾ കരയെപ്പോലെ കടലിനെയും ബാധിക്കുന്നു. നാം ശ്വസിക്കുന്ന ഓക്സിജന്റെ പകുതിയിലധികം ഉത്പാദിപ്പിക്കുന്നത് സമുദ്രത്തിൽ വസിക്കുന്ന ജീവികളായ പ്ലാങ്ക്ടനുകളാണ്. അവയ്ക്ക് കടലിൽ ജീവിക്കാൻ കഴിയാത്ത അവസ്ഥ സൃഷ്ടിച്ചാൽ അത് വന നശീകരണത്തെക്കാൾ വലിയ ദുരന്തമായിരിക്കും ക്ഷണിച്ചു വരുത്തുക.

**ഉഷ മുരളി, മാറാടി, മൂവാറ്റുപുഴ**

## മഴയെ ശരിയായി പ്രയോജനപ്പെടുത്തണം

മഴയനുഭവങ്ങൾ വിവരിച്ചുകൊണ്ടും മഴക്കാല പ്രകൃതിയെ വർണ്ണിച്ചുകൊണ്ടും മുരളീധരൻ തഴക്കര എഴുതിയ ലേഖനം അവസരോചിതം. മണ്ണിന് നീരും മരത്തിന് വേരും മനുഷ്യന് ജീവനുമായി മഴ നാമറിയാത്ത ഒരു അനുഗ്രഹമാണ്. നമുക്ക് കിട്ടുന്ന കാരുണ്യവർഷം നമ്മെ എന്തുമാത്രം സ്വാധീനിക്കുന്നുവെന്ന് നാം ചിന്തിക്കുന്നേയില്ല. ഋതുചക്രങ്ങൾ മാറുന്നതിനനുസരിച്ച് കാർഷിക വൃത്തിയെ മനുഷ്യൻ ക്രമപ്പെടുത്തും. അതെല്ലാം മഴയെ ആശ്രയിച്ചിരിക്കുന്നു. മഴയുടെ മൗനത്തെ കുറിച്ച് ചിന്തിക്കാനേ കഴിയില്ല. ഭക്ഷണം ഊർജ്ജം ഒക്കെ എവിടുന്നാവും ലഭിക്കുക. ഒക്കെ വിഷയമാവും. ഭൂമിക്ക് ലഭിച്ച ഈ വരദാനം ഒരിക്കലും നിലയ്ക്കാതിരിക്കട്ടെ. ജീവന്റെ തുടിപ്പുള്ള ഏക ഗോളമായ ഭൂമിക്ക് മാത്രം ലഭിച്ച അനുഗ്രഹം അതിന്റെ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയട്ടെ.

**സുജാടോം, നടുവണ്ണ ബാലുശ്ശേരി**

## സ്വയം തൊഴിലുകാർക്കും ഏറ്റെടുക്കാം

വാണിജ്യാടിസ്ഥാനത്തിൽ ചെറുതേനീച്ച വളർത്തൽ വെള്ളായണി കാർഷിക കോളേജ് അഖിലേന്ത്യ സംയോജിത തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ എഴുതിയ ലേഖനം കണ്ടു. അൽപ്പം സ്ഥലമുള്ളവർക്ക് പോലും ചെയ്യാവുന്ന ആകാശ കൃഷി ഗ്രാമ നഗരഭേദമന്യേ സ്ത്രീകൾക്ക് ചെയ്യാവുന്ന ഈ കൃഷി ട്രെയിനിംഗ് നേടി സ്വയം സഹായസംഘങ്ങൾ ഏറ്റെടുത്ത് നടത്തുകയാണെങ്കിൽ നല്ല ലാഭവും വിനോദവുമായിത്തീരുമെന്നതിൽ സംശയമില്ല.

**വിമലദേവി, എടപ്പറ്റ, കാളികാവ്**

**ഗ്രാമഭൂമി ദ്വൈവാർഷിക വരിസംഖ്യ 24 രൂപ. തപാലിൽ ലഭിക്കുവാൻ**

എഡിററർ
ഗ്രാമഭൂമി
റൂറൽ ഇൻഫർമേഷൻ ബ്യൂറോ
സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്,
വഴുതക്കാട്
ശാസ്തമംഗലം പി.ഒ
തിരുവനന്തപുരം – 695010.
എന്ന വിലാസത്തിൽ
മണിയോർഡർ അയയ്ക്കുക
email : ribkerala@gmail.com

RURAL INFORMATION BUREAU

മുഖവുര

# മഴവെള്ള സംഭരണം

ആസന്ന ഭാവിയിൽ ലോകരാഷ്ട്രങ്ങൾ നേരിടാൻ പോകുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് ശുദ്ധജല ദൗർലഭ്യം. ജല സ്രോതസുകളുടെ മലിനീകരണം ഉപയോഗത്തിലുണ്ടായ വർദ്ധന ജലത്തിന്റെ ദുരുപയോഗം, എന്നിവയാണ് ഇതിന്റെ പ്രധാന കാരണങ്ങൾ. നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥയും ഇതിൽ നിന്ന് വിഭിന്നമല്ല. ജല സമൃദ്ധമായിരുന്ന പല പ്രദേശങ്ങളും ഇന്ന വരൾച്ചയുടെ പിടിയിലായിക്കഴിഞ്ഞു. കാലവർഷത്തിനും മൺസൂൺ ടൂറിസത്തിനും പേരുകേട്ട കേരളവും ശുദ്ധജലത്തിനായി ടാങ്കർ ലോറികൾ കാത്തിരിക്കുന്ന അവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.

ജലദൗർലഭ്യം നേരിടാനുള്ള ഒരു പ്രധാന വഴിയാണ് മഴവെള്ള സംഭരണം. പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന ശുദ്ധമായ ജലം ശേഖരിക്കേണ്ടതിന്റേയും സംരക്ഷിക്കേണ്ടതിന്റേയും കാലം അതിക്രമിച്ചു കഴിഞ്ഞു. ആഗോളതാപനത്തിന്റേയും കാലാവസ്ഥ മാറ്റത്തിന്റേയും ഫലമായി കാലവർഷത്തിലും വ്യതിയാനങ്ങൾ വരുന്നു.

പുതുതായി കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അതൊടൊപ്പം മഴവെള്ള സംഭരണികൾ സ്ഥാപിക്കണം എന്ന നിർദ്ദേശം സ്വാഗതാർഹമാണ്. അതോടൊപ്പം തന്നെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലും സ്ക്കൂളുകളിലും സർക്കാർ സഹായത്തോടെ മഴവെള്ള സംഭരണികൾ സ്ഥാപിക്കാനായാൽ അത് ഒരു വൻ നേട്ടം തന്നെയാകും പല സ്ഥാപനങ്ങളും ഇതിൽ മാതൃകാപരമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

ജലസംഭരണികൾ സ്ഥാപിക്കുന്നതോടൊപ്പം തന്നെ മഴവെള്ളം കുടുതൽ സമയം ഭൂമിയിൽ തങ്ങിനിർത്താനും മഴവെള്ളത്തിന്റെ ഒഴുക്ക് കുറച്ച് പരമാവധി ഭൂമിയിലേക്കിറക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. പറമ്പുകളിൽ മൺകയ്യാലകളും നിർമ്മിച്ചും ജൈവ വേലികളും വച്ചുപിടിപ്പിച്ചും മഴവെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കാനും മഴക്കുഴികൾ, മഴവെള്ള സംഭരണികൾ എന്നിവ നിർമ്മിച്ച് മഴവെള്ളം സംഭരിക്കാനും സാധിക്കും.

ഇതോടൊപ്പം തന്നെ ജനങ്ങൾക്കിടയിൽ ജലസംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെകുറിച്ചും വ്യാപകമായ ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ജനങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശവും സാങ്കേതിക സഹായവും നൽകേണ്ടതുണ്ട്. ജനപങ്കാളിത്തത്തോടെ ഭൂമിയിൽ ലഭിക്കുന്ന ഒരോ തുള്ളി മഴയും സംഭരിച്ച് വരും കാലങ്ങളിൽ ഭാവി തലമുറയ്ക്കായി കരുതി വയ്ക്കാവുന്ന ഏറ്റവും വിശിഷ്ടമായ സമ്മാനമായിരിക്കും ജലനിക്ഷേപം എന്ന കാര്യത്തിൽ സംശയമില്ല.

*എഡിറ്റർ :* **ഷൈൻ. ടി.എ, ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ** ● *കാമ്പയിൻ ഓഫീസർ :* **ആർ. രഞ്ജിത**
● *അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ :* **എ. ലത്തീഫാ ബീവി** ● *മാനേജർ :* **എച്ച്. വിക്രമൻ** ● *കവർ & ലേ ഔട്ട് :* **രതീഷ്**
*ചിത്രങ്ങൾക്ക് കടപ്പാട് : ഫോട്ടോഗ്രഫി വിഭാഗം, ഐ & പിആർഡി*
*ഓഫീസ് :* റൂറൽ ഇൻഫർമേഷൻ ബ്യൂറോ, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതക്കാട്, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം – 695010. ഫോൺ : 0471-2317262 email : ribkerala@gmail.com
*ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.*
വാർഷിക വരിസംഖ്യ: 12 രൂപ



# വനിത കർഷക സംഘം നെൽകൃഷിയിലേയ്ക്ക്

## നെൽകൃഷി വികസനത്തിനായി മഹിള കിസാൻ സശാക്തീകരൺ പരിയോജന പുരോഗതിയിലേയ്ക്ക്

**കേന്ദ്രസർക്കാർ പദ്ധതിക്കനുവദിച്ച സമയപരിധി പൂർത്തിയാകാറായതു കൊണ്ട് പദ്ധതി പ്രവർത്തനത്തിന്റെ കാലാവധി ദീർഘിപ്പിച്ചു കിട്ടുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.**

**കെ. ശശിധരൻ നായർ**

വനിതകളെ നെൽകൃഷി നടത്തിപ്പിലേയ്ക്കായി തയ്യാറാക്കുന്ന മഹിളാ കിസാൻ സശാക്തീകരൺ പരിയോജന പദ്ധതി നടപ്പാക്കി തുടങ്ങി. പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ നെൽകൃഷി വികസനത്തിനായി നടപ്പിലാക്കുന്ന മഹിളാ കിസാൻ സശാക്തീകരൺ പരിയോജന പുരോഗതിയിലേയ്ക്ക്. ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉപപദ്ധതിയായിട്ടാണ് ഇത് നടപ്പിലാക്കുന്നത്. ഇതിനായി 60.62 കോടി രൂപയുടെ സ്കീമിന് കേന്ദ്രഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 30.27 കോടി രൂപ കേന്ദ്രസർക്കാർ വിഹിതമായും ഗ്രാമപഞ്ചായത്തുകളുടെ വിഹിതമായി 10.47 കോടി രൂപയും 7.43 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതമായും മറ്റു പദ്ധതികളുടെ സംയോജനം വഴി 10.43 കോടി രൂപയുമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും കൃഷി, ജലസേചനം, ഗ്രാമവികസനം, പ്ലാനിംഗ് തുടങ്ങിയ മേഖലകളിലെ ഉദ്യോഗസ്ഥൻമാരും അടങ്ങിയ കൺസോർഷ്യമാണ് പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുന്നത്. നെൽകൃഷിയിൽ ചിട്ടയായ നിക്ഷേപം നടത്തി സ്ത്രീകളുടെ പങ്കാളിത്തവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് അവരെ പ്രാപ്തരാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം.



തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും കാർഷിക രംഗത്ത് യന്ത്രവൽക്കരണം കൊണ്ടുവരുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. അതോടൊപ്പം തരിശായി കിടക്കുന്ന വയലുകളെ നെൽകൃഷിയിലേയ്ക്ക് മടക്കി കൊണ്ടുവരുന്നതിനും ഒരു ഏകീകൃത കൃഷി സമ്പ്രദായം ആവിഷ്ക്കരിക്കുന്നതിനും സഹായകമാകും. ഇതുവഴി നെല്ലുല്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വയൽ വ്യവസ്ഥ നിലനിർത്തുന്നതിനും സാഹചര്യം ഒരുക്കും. തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനവും തൊഴിൽ സുരക്ഷിതത്വവും സാമൂഹ്യ പരിരക്ഷയും ലഭ്യമാക്കുന്നതാണ്. ആകെ 30000 തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പായ് ഞാറ്റടി തയ്യാറാക്കുക, നടീൽ യന്ത്രം പ്രവർത്തിപ്പിക്കുക, കള പറിയ്ക്കൽ യന്ത്രം പ്രവർത്തിപ്പിക്കുക, കൊയ്ത്തു യന്ത്രം പ്രവർത്തിപ്പിക്കുക, മണ്ണ് പരിശോധന നടത്തുക, സംയോജിത കള നിയന്ത്രണം,

കാർഷിക മേഖലയെ അടിസ്ഥാനമാക്കിയുള്ള ഉപജീവന സാദ്ധ്യതകൾ സൃഷ്ടിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുക. ഇതിനായി പ്രാദേശിക വിഭവങ്ങളെ ആധാരമാക്കിയുള്ള കൃഷിയെ പ്രോത്സാഹിപ്പിക്കുകയും അതുവഴി കാർഷികോത്പാദനത്തിലും സഹായ മേഖലകളിലും സ്തീകൾക്ക് ഉയർന്ന പങ്കാളിത്തവും നിയന്ത്രണവും സാധിക്കുക എന്നിവയാണ് പദ്ധതിയുടെ ദീർഘകാലക്ഷ്യം.

കഴിഞ്ഞ രണ്ടു വർഷങ്ങളിൽ MGNREGA പദ്ധതിയിൽ പങ്കെടുത്തിട്ടുള്ള അർഹരായ സ്ത്രീ തൊഴിലാളികളെ കണ്ടെത്തി അവർക്ക് യന്ത്രവൽകൃത നെൽകൃഷിയിൽ പരിശീലനം നൽകുകയും അവരെ ബ്ലോക്ക് അടിസ്ഥാനത്തിൽ ഉളള ലേബർ ബാങ്കിൽ ഉൾപ്പെടുത്തുകയും ഇതിനായി വാർഡ് അടിസ്ഥാനത്തിൽ 5 അംഗങ്ങളടങ്ങിയ ലേബർ ഗ്രൂപ്പും പഞ്ചായത്ത് തല ലേബർടീമും ഉണ്ടാക്കുകയുമാണ് ചെയ്യുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് 43 ലേബർ ബാങ്കുകൾ രൂപീകരിക്കണം. ഇതു പ്രകാരം രൂപീകരിക്കപ്പെടുന്ന ലേബർ ബാങ്കുകൾ നെൽകൃഷി ഉടമസ്ഥരുടെ ആവശ്യാനുസരണം യന്ത്രവൽകൃത നടീൽ ഉൾപ്പെടെയുള്ള കൃഷിപ്പണികൾ ഉത്തരവാദിത്വത്തോടെ ചെയ്തു കൊടുക്കുന്നു. അതുവഴി നെൽകൃഷി രംഗത്തെ രൂക്ഷമായ















ജൈവവളങ്ങളുടെ പ്രയോഗം, ജലസേചനം എന്നീ വിഷയങ്ങളിലാണ് തെരഞ്ഞെടുക്കപ്പെടുന്ന സ്ത്രീ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നത്. ഇതിനായി വടക്കാഞ്ചേരിയിലുള്ള ഗ്രീൻ ആർമി ലേബർ ബാങ്ക് പരിശീലന കേന്ദ്രത്തിൽ ഇതിനകം 1500 പേരുടെ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. നാല് ദിവസത്തെ ക്ലാസ്സ് റൂം പരിശീലനം ഉൾപ്പെടെ ആകെ 18 ദിവസത്തെ പരിശീലനമാണ് ഇവർക്ക് നൽകുന്നത്.

പ്രൊജക്ട് ഏരിയിലെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലെ നെൽകൃഷി വികസനത്തെ സംബന്ധിക്കുന്ന വിശദമായ പ്രൊജക്ട് റിപ്പോർട്ടിന് രൂപം നൽകിയിട്ടുണ്ട്. പദ്ധതി മറ്റു പദ്ധതികളായ IWMP, MGNREGA എന്നിവയുമായി സംയോജിപ്പിക്കുന്നതിനുള്ള സാധ്യതകളും ആരായുന്നു. ഇതിനകം പരിശീലനം കഴിഞ്ഞിട്ടുള്ള ലേബർ ബാങ്കുകൾ അനൗപചാരികമായി ഏറ്റെടുക്കുന്ന നെൽകൃഷി ലാഭകരമാണെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

കേന്ദ്രസർക്കാർ പദ്ധതിക്കനുവദിച്ച സമയപരിധി പൂർത്തിയാകാറായതുകൊണ്ട് പദ്ധതി പ്രവർത്തനത്തിന്റെ കാലാവധി ദീർഘിപ്പിച്ചു കിട്ടുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

പരിശീലനത്തിന് പുറമെ നെൽകൃഷിയ്ക്ക് ആവശ്യമായ യന്ത്രോപകരണങ്ങളും ലേബർ ബാങ്കുകൾക്ക് നൽകുന്നതാണ്.

**ആകെ 30000 തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പായ് ഞാറ്റടി തയ്യാറാക്കുക, നടീൽ യന്ത്രം പ്രവർത്തിപ്പിക്കുക, കള പറിയ്ക്കൽ യന്ത്രം പ്രവർത്തിപ്പിക്കുക, കൊയ്ത്തു യന്ത്രം പ്രവർത്തിപ്പിക്കുക, മണ്ണ് പരിശോധന നടത്തുക, സംയോജിത കള നിയന്ത്രണം, ജൈവവളങ്ങളുടെ പ്രയോഗം, ജലസേചനം എന്നീ വിഷയങ്ങളിലാണ് തെരഞ്ഞെടുക്കപ്പെടുന്ന സ്ത്രീ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നത്.**

നെൻമാറ, കൊല്ലംങ്കോട്, മണ്ണാർക്കാട്, ആലത്തൂർ, കുഴൽമന്ദം, മലമ്പുഴ, കൊണ്ടോട്ടി എന്നീ ബ്ലോക്കുകളിൽ ഇതിനകം ലേബർ ബാങ്ക് രൂപീകൃതമായി കഴിഞ്ഞു. മറ്റ് 10 ബ്ലോക്കുകളിൽ ലേബർ ബാങ്ക് രൂപീകരണം അവസാനഘട്ടത്തിലാണ്.●

---

*എം.കെ.എസ്.പി മാനേജ്മെന്റ് യൂണിറ്റിലെ അഡീഷണൽ ഡവലപ്മെന്റ് ഓഫീസറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമാണ് ലേഖകൻ*

**രണ്ടായിരത്തിപതിനാല് ജനുവരി മൂന്നിന് കേന്ദ്രസർക്കാർ ഈ നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ ആസ്തി വികസനത്തിന്റെ പുതിയ സാധ്യതകൾ ധാരാളമായി തുറന്നിടുകയും കൂടുതൽ സമഗ്രത കൈവരിക്കുകയും ചെയ്തതായി വിലയിരുത്തപ്പെടുന്നു.**




# നൂറ്റാണ്ടിന്റെ നിയമം, നന്മയുടെ പദ്ധതി

**പി.സി.മജീദ്**

ഭാരതത്തിലെ ശതകോടിയിൽപരം ജനങ്ങൾക്ക് ഈ നൂറ്റാണ്ടിൽ ലഭിച്ച ഏറ്റവും ശക്തവും പ്രയോജനകരവും ഗുണപ്രദവും അവകാശങ്ങളുടെ സാന്നിധ്യം കൊണ്ട് അനുഗ്രഹീതവുമായ ഒരു നിയമമാണ് 2005 ൽ ഭാരതത്തിൽ നിലവിൽ വന്ന ദേശീയ തൊഴിലുറപ്പ് നിയമം. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്ന പദ്ധതി ദാരിദ്രരേഖയുടെ ഞാണിന്മേൽ കളിയില്ലാതെ പതിനെട്ടു വയസ്സും ജോലിചെയ്യാനുള്ള സന്നദ്ധതയും ഉള്ള ഏതൊരു ഇന്ത്യക്കാരനും ഉറപ്പുനൽകുന്നത് ജോലിയും കൂലിയുമുള്ള നൂറുദിനങ്ങൾക്കൊപ്പം രാജ്യത്തിന്റെ സമഗ്രവികസനത്തിൽ മനസ്സുകൊണ്ടും ശരീരം കൊണ്ടും പങ്കാളിയാകാനുള്ള അവസരമാണ്. സുതാര്യവും വികസനോന്മു

ഖവും ഗ്രാമസഭയുടെ അഭിപ്രായങ്ങ ളുടെ സ്ഥലപരപ്രത്യേകതകൾ ഉൾ ക്കൊണ്ട് പ്രാദേശികവുമാകുന്ന ദേശീയ പദ്ധതി 2014ൽ രാജ്യത്തിന്റെ വികസനപരിസരത്ത് പുതിയ രൂപ ത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടു ന്നതു കാണാം.

## നിയമത്തെക്കുറിച്ച്

ഭാരതത്തിലെ ഓരോ പൗരനും തൊഴിൽ എന്ന അവകാശം നൽകിയ ഈ നിയമത്തിൽ 36 വകുപ്പുകളും 2 പട്ടികകളുമാണുളളത്. ഒരു സാമ്പ ത്തിക വർഷത്തിൽ 100 ദിവസം ജോലിയും അതിന് 15നകം ദിവസത്തി നകം കൂലിയും ലഭിക്കുന്നു എന്ന ഉറ പ്പാണ് ഈ നിയമത്തിലെ മൂന്നാം വകുപ്പ് നമുക്കു മുമ്പിൽ വെക്കുന്നതെ ങ്കിൽ തൊഴിലിന് അപേക്ഷ നൽകി 15 ദിവസത്തിനകം ജോലി കിട്ടാതിരു ന്നാൽ അയാൾക്ക് തൊഴിൽരഹിത വേതനം ഏഴാം വകുപ്പ് ഉറപ്പു നൽകു ന്നു. സോഷ്യൽ ഓഡിറ്റും സ്വമേധയാ യുളള വെളിപ്പെടുത്തലും ജനതാ എസ്റ്റിമേറ്റും പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കുന്ന ബോർഡും വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങ ളുടെ ക്രിയാത്മകമായ ഇടപെടലും ഈ നിയമത്തിന്റെ സുതാര്യതയെ വെളിപ്പെ ടുത്തുന്നു. കുടിവെളളവും, പ്രഥമശു ശ്രൂഷയും, തണലും, അമ്മമാരോടൊ പ്പമുളള കൊച്ചുകുഞ്ഞുങ്ങൾക്ക് നൽകുന്ന പരിഗണനയും ജോലിസ്ഥ ലത്ത് പരിക്കേൽക്കുന്നവർക്ക് ലഭി ക്കുന്ന ചികിത്സാസഹായവും ജോലി സ്ഥലത്ത് മരണം സംഭവിച്ചാൽ കുടും ബത്തിന് ലഭിക്കുന്ന ധനസഹായവു മൊക്കെ ഈ നിയമത്തെ മനുഷ്യമുഖ മുളളതും പുതിയ കാലത്തിന്റെ ക്ഷേമ രാഷ്ട്ര സങ്കൽപങ്ങളെ സാധൂകരിക്കു ന്നതുമാണ്. ഏതേതു പ്രവൃത്തിക ളാണു നമ്മുടെ പരിസരങ്ങളിൽ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാകേ ണ്ടത് എന്ന അയൽക്കൂട്ടത്തിലെ ചർച്ച കളിൽ തീരുമാനിക്കപ്പെടുകയും ഗ്രാമ സഭ ജനാഭിപ്രായത്തിന്റെ മുദ്ര ചാർത്തി ഈ നിർദ്ദേശങ്ങളെ വാർഡ്തലത്തിലും തുടർന്ന് പഞ്ചായത്ത് തലത്തിലും രൂപ പ്പെടുത്തുകയും ചെയ്ത് ഗ്രാമപഞ്ചാ യത്ത് നടപ്പിലാക്കുന്ന ഈ പദ്ധതി ഗ്രാമ ഗ്രാമാന്തരങ്ങളിലെ ലക്ഷക്കണക്കിന് ശബ്ദമില്ലാത്ത സാധാരണക്കാർക്ക് നാവായും നിവർന്നു നിൽക്കാനുളള നട്ടെല്ലായും മാറിയത് വിലയിരുത്തു മ്പോഴാണ് ഈ നിയമത്തിന്റെ പ്രസക്തി ബോധ്യപ്പെടുക.

## നിയമം പുതിയ ഭേദഗതികളുടെ പശ്ചാത്തലത്തിൽ

രണ്ടായിരത്തിപതിനാല് ജനുവരി മൂന്നിന് കേന്ദ്രസർക്കാർ ഈ നിയമ ത്തിൽ വരുത്തിയ മാറ്റങ്ങൾ ആസ്തി വികസനത്തിന്റെ പുതിയ സാധ്യതകൾ ധാരാളമായി തുറന്നിടുകയും കൂടുതൽ സമഗ്രത കൈവരിക്കുകയും ചെയ്ത തായി വിലയിരുത്തപ്പെടുന്നു. പുതിയ ഭേദഗതികളനുസരിച്ച് ഒന്നാം പട്ടിക യിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ഏറെ പൊളിച്ചെഴുത്തുകൾക്ക് വിധേ

**തൊഴിലാളികളെല്ലാം ബാങ്ക് അക്കൗണ്ടുള്ളവരാകുകയും അവരുടെ അക്കൗണ്ടിലേക്ക് സർക്കാർ ഖജനാവിൽ നിന്ന് നേരിട്ട് ഇലക്ട്രോണിക് ഫണ്ട് മാനേജമെന്റ് സിസ്റ്റം വഴി പണമെത്തു കയും കുറേയധികം പേർ എ.ടി.എം. കാർഡ് ഉള്ളവരായി മാറുകയും ചെയ്യുന്നത് ഈ പദ്ധതിയിലൂടെയുള്ള സാമൂഹ്യശാക്തീകരണത്തിന് തെളിവാണ്.**





യമായിട്ടുണ്ട്. അനുവദനീയമായ പ്രവൃത്തികളെ നാലു വിഭാഗങ്ങളായി തിരിച്ച് ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**1. വിഭാഗം എ : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ**

- കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;
- ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർ ബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ ;
- സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം എന്നീ പ്രവൃത്തികളും;
- ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം;
- കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വന ഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും, ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽപ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്;
- പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

**വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)**

- ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ (Dugg well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;
- പഴകൃഷി, പട്ട്നൂൽ കൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ;
- ഖണ്ഡിക 5ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/പാഴ്ഭൂമി (fallow or waste land) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ ;
- ഇന്ദിരാ ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക



തൊഴിൽ ഘടകം;

- മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പട്ടിക്കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണം;
- മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

**വിഭാഗം സി : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ**

- കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post harvest facilities), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ;
- സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം.

**വിഭാഗം ഡി : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ**

- നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവമാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്‌ലറ്റുകൾ, അങ്കണവാടി ടോയ്‌ലറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;
- ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;
- കളിസ്ഥലങ്ങളുടെ നിർമ്മാണവും;
- വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (chaur renovation), തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗക

ര്യങ്ങൾ, റോഡുകളുടെ പുന:രുദ്ധാരണം, ദൂരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;

- ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും,
- ഗ്രാമ/ബ്ലോക്ക്തല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണം;
- ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യസംഭരണികളുടെ നിർമ്മാണം;
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം;
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികൾ;
- ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

## ഖണ്ഡിക 5

വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന വിഭാഗം 2ലെ പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

- പട്ടികജാതി
- പട്ടികവർഗ്ഗം
- നാടോടികളായ ആദിവാസികൾ
- ഡീനോട്ടിഫൈഡ് ആദിവാസികൾ
- ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു കുടുംബങ്ങൾ
- സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ
- ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ
- ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ
- ഇന്ദിരാ ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ
- 2006 ലെ പട്ടികവർഗ്ഗങ്ങളും ഇതര പരമ്പരാഗത വനവാസികളും വനാവകാശം അംഗീകരിക്കൽ) നിയമത്തിന്റെ ഗുണഭോക്താക്കളും,

സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ ഒരു നേരത്തെ അന്നത്തിന് വക തേടി പരക്കം പായുന്ന സാധാരണക്കാരന്റെ അടുക്കളയിലേക്ക് ഈ നിയമത്തിന്റെ കൈകൾ നീണ്ടു ചെന്ന് സുരക്ഷിതത്വത്തിന്റെ പുതിയ നാളുകൾ വാഗ്ദാനം ചെയ്യുന്നതാണ് മുകളിൽ സൂചിപ്പിച്ച മുൻഗണനാക്രമം. ഈ നിയമത്തെ ജനത്തിന്റെ ആവശ്യങ്ങളുടെ പരിപ്രേക്ഷ്യത്തിൽ നിന്ന് കൊണ്ട് വ്യാഖ്യാനിക്കാൻ സാധിക്കുമ്പോഴാണ് ഈ ഭേദഗതികൾ ജനോപകാരപ്രദമാകുന്നത്.

ജൂലായ് മാസത്തിൽ തന്നെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും തയ്യാറാക്കി, നേരത്തെ തന്നെ ഷെൽഫ് ഓഫ് പ്രൊജക്റ്റ് ഒരുക്കി വെച്ച് ഏതേതു മാസങ്ങളിൽ ഏതേതു പ്രദേശങ്ങളിൽ തൊഴിലാവശ്യങ്ങൾ ഏറിയും കുറഞ്ഞുമിരിക്കുമെന്ന് കണക്കാക്കി , പ്രാദേശികമായി ലഭ്യമാകുന്ന തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതിന് പുറമേ 100 ദിനം തൊഴിലുറപ്പാക്കാനുള്ള ആസൂത്രണം നടത്തുകയെന്നത് ഈ പദ്ധതി മുന്നോട്ടു വെക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ മുഖമാണ്.

**ജൂലായ് മാസത്തിൽ തന്നെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും തയ്യാറാക്കി, നേരത്തെ തന്നെ ഷെൽഫ് ഓഫ് പ്രൊജക്റ്റ് ഒരുക്കി വെച്ച് ഏതേതു മാസങ്ങളിൽ ഏതേതു പ്രദേശങ്ങളിൽ തൊഴിലാവശ്യങ്ങൾ ഏറിയും കുറഞ്ഞുമിരിക്കുമെന്ന് കണക്കാക്കി , പ്രാദേശികമായി ലഭ്യമാകുന്ന തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതിന് പുറമേ 100 ദിനം തൊഴിലുറപ്പാക്കാനുള്ള ആസൂത്രണം നടത്തുകയെന്നത് ഈ പദ്ധതി മുന്നോട്ടു വെക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജനത്തിന്റെ മുഖമാണ്.**

## ഉൾച്ചേർക്കലും ശാക്തീകരണവും

തൊഴിലാളികളെല്ലാം ബാങ്ക് അക്കൗണ്ടുള്ളവരാകുകയും അവരുടെ അക്കൗണ്ടിലേക്ക് സർക്കാർ ഖജനാവിൽ നിന്ന് നേരിട്ട് ഇലക്ട്രോണിക് ഫണ്ട് മാനേജമെന്റ് സിസ്റ്റം (ഇ.എഫ്.എം.എസ്) വഴി പണമെത്തുകയും കുറേയധികം പേർ എ.ടി.എം. കാർഡ് ഉള്ളവരായി മാറുകയും ചെയ്യുന്നത് ഈ പദ്ധതിയിലൂടെയുള്ള സാമൂഹ്യ ശാക്തീകരണത്തിന് തെളിവാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ തൊണ്ണൂറ് ശതമാനത്തിലധികം പേർ സ്ത്രീകളാണ് എന്ന് മനസ്സിലാവുമ്പോൾ ഇതൊരു സ്ത്രീ ശാക്തീകരണ പദ്ധതിയുമാകുന്നു.

## ഇതൊന്നും ചെയ്തുകൂടാ

കാട് വെട്ടി മാറ്റുക, കല്ല് പെറുക്കി മാറ്റുക, ദൈനംദിന കാർഷിക പ്രവൃത്തികൾ എന്നിവ ഈ പദ്ധതിയിൽ ഏറ്റെടുത്തു കൂടാ എന്ന് നിയമം അനുശാസിക്കുന്നു. ഉദ്പാദനപരമല്ലാത്ത പ്രവൃത്തികളെ നിരുത്സാഹപ്പെടുത്തുകയാണ് കാട് വെട്ടലും കല്ലെടുത്തുമാറ്റലും നിരോധിക്കുന്നതിലൂടെ ലക്ഷ്യമാക്കുന്നതെങ്കിൽ, കാർഷികമേഖലയിലെ കാലാകാലങ്ങളായുള്ള തൊഴിൽദിനങ്ങൾ തൊഴിലാളിക്ക് നഷ്ടമാകരുത് എന്ന സദുദ്ദേശമാണ് കാർഷികമേഖലയിൽ ഇടപെടുന്നതിൽ നിന്ന് ഈ പദ്ധതിയെ അകറ്റി നിർത്താൻ നമ്മെ പ്രേരിപ്പിക്കുന്നത്.

## നന്മയുടെ പദ്ധതി

ആവശ്യപ്പെടുന്ന എല്ലാവർക്കും 15 ദിവസത്തിനകം ജോലി. ജോലി ചെയ്ത എല്ലാവർക്കും 15 ദിവസത്തിനകം കൂലി. ജോലി കിട്ടിയില്ലെങ്കിലും കൂലി കിട്ടിയില്ലെങ്കിലും നഷ്ടപരിഹാരം. കുടിവെള്ളവും പ്രഥമശുശ്രൂഷയും വിശ്രമത്തിനു തണലും. കുഞ്ഞുങ്ങളെ നോക്കാൻ ആയമാരുമുള്ള പണിയിടങ്ങൾ. ജലസംരക്ഷണവും, പ്രകൃതി പരിപാലനവും മുഖ്യലക്ഷ്യമാകുന്ന പ്രവൃത്തികൾ. ചെറുകിട നാമമാത്ര കർഷകരുടേതടക്കം പിന്നാക്കക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതി. ഇനിയീ പദ്ധതിക്ക് ആവശ്യമുള്ളത് നടപ്പിലാക്കുന്ന ആളുകളുടെ അതിരില്ലാത്ത ഭാവനയാണ്, ആർജ്ജവമാണ്.●

*പനമരം ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറാണ് ലേഖകൻ*

# മർവയുടെ പലഹാരമഹിമ




**ജോളി വിജയൻ**

ഭാരതപ്പുഴയുടെ വിരിമാറിൽ തലചായ്ച്ചുറങ്ങുന്ന തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ ചരിത്രം കളിത്തൊട്ടിലാടുന്ന പഴയ്വെട്ടത്തു നാടിന്റെ പ്രതാപവുമായി വെട്ടം ഗ്രാമപഞ്ചായത്ത്. അവിടെ പച്ചാട്ടിരി എന്ന പ്രദേശത്ത് ഒന്നാം വാർഡിൽ 2010-11 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്വയം സഹായസംഘമാണ് മർവ.

പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക് കണ്ടൽക്കാടുകൾ തിങ്ങി നിറഞ്ഞ തിരൂർ പൊന്നാനിപ്പുഴയ്ക്കും ഇടയിലായി സ്ഥിതി ചെയ്യുന്ന ഈ പ്രദേശത്തെ ജനങ്ങളിൽ ഭൂരിഭാഗവും കാർഷിക വൃത്തിയിലേർപ്പെടുന്നവരുമാണ്. അവർക്കിടയിലാണ് മലബാറിന്റെ രുചിഭേദങ്ങളുമായി 10,000 രൂപ റിവോൾവിംഗ് ഫണ്ടും 40000 രൂപ ലോണും ഉപയോഗിച്ച് ഈ സംഘം പ്രവർത്തനം ആരംഭിച്ചത്. മലബാർ നാടൻ വിഭവങ്ങളായ പത്തിരി, ഉള്ളിവട, പഴമ്പൊരി, പക്കാവട, ഉന്നക്കായ തുടങ്ങിയ പലഹാരങ്ങളും ബിരിയാണി, നെയ്ച്ചോറ്, കോഴിക്കറി, പൊറോട്ട തുടങ്ങിയ വിഭവങ്ങളും ഇവർ ഓർഡർ അനുസരിച്ച് തയാറാക്കി ക്കൊടുത്തുവരുന്നു. ഇവരുടെ രുചിമഹിമ അറിഞ്ഞ് ആവശ്യക്കാർ കൂടിയപ്പോൾ പ്രവർത്തനം വിപുലീകരിക്കേണ്ടതായി വന്നു. 2013-14 വർഷത്തെ എസ്.ഐ.ജി. ഫോർ എസ്.എച്ച്.ജി എന്ന പദ്ധതിയിൽ മർവ സ്വയംസഹായസംഘത്തിന് പലഹാര നിർമാണ യൂണിറ്റ് തുടങ്ങുന്നതിനായി 3,00,000 രൂപ ലോണും 1,00,000 രൂപ സബ്സിഡിയുമായി ആകെ 4,00,000 രൂപ അനുവദിച്ചു. എസ്.ബി.ഐ തിരൂർ ടൗൺ ബ്രാഞ്ച് വഴിയാണ് തുക അനുവദിച്ചത്.

മലബാർ നാടൻ വിഭവങ്ങളുടെ തനത് രുചിയാണ് ഇവരുടെ പലഹാരങ്ങൾക്ക് ആവശ്യക്കാരേറെയാവാൻ കാരണം. ലോൺ അനുവദിക്കുന്നതിന് ബാങ്ക് താത്പര്യം കാണിക്കുകയും അവരുടെ പ്രവർത്തന സ്ഥലം സന്ദർശിക്കുകയും പ്രവർത്തനം നിരീക്ഷിക്കുകയും ചെയ്ത് മുഴുവൻ തുകയും അനുവദിക്കുകയാണുണ്ടായത്. ടി തുക ഉപയോഗിച്ച് ആവശ്യമായ പാത്രങ്ങളും മറ്റ് ഉപകരണങ്ങളും സജീകരിച്ച് ഇവർ തങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തി. സംഘത്തിൽപെട്ട സൈഫുന്നീസ.ടി.പി വീടിനോടു ചേർന്ന് നിർമിച്ച ഷെഡിലാണ് നിലവിൽ സംഘം പ്രവർത്തിക്കുന്നത്. ഇപ്പോൾ ബാങ്ക് നടത്തുന്ന മുഴുവൻ പരിപാടികളുടെയും ലഘുഭക്ഷണം മർവ എസ്.എച്ച്.ജി മുഖേനയാണ് ഏർപ്പാടാക്കുന്നത്. റംസാനിൽ നോമ്പുതുറയ്ക്കായി ഇവർക്ക് ധാരാളം ഓർഡറുകൾ ലഭിച്ചു. സംഘത്തിൽപ്പെട്ട പത്തുപേരും ഉത്സാഹത്തോടെ പണിയെടുക്കുന്നു. പരിമിതമായ സൗകര്യങ്ങൾക്കിടയിലും വിപുലമായ കാറ്ററിംഗ് ജോലികൾ ഇവർ ഉത്സാഹത്തോടെ നടത്തുന്നു. സംഘം എല്ലാ മാസവും കൃത്യമായി ലോൺ തിരിച്ചടവാക്കുന്നുണ്ട്. ബാക്കി തുക അവർക്ക് വരുമാനമായി ലഭിക്കുന്നു. ഇ.ടി.സി മണ്ണുത്തിയിൽ ഇതോടനുബന്ധിച്ച് വൈദഗ്ധ്യ പരിശീലനവും ബ്ലോക്ക് മുഖേന അടിസ്ഥാന അവബോധ പരിശീലനവും ഇവർക്ക് നൽകിയിട്ടുണ്ട്.

മർവ സ്വയംസഹായ സംഘത്തിലെ പത്തുപേരും ഏക മനസ്സോടെ പ്രവർത്തിക്കുന്നതിനാൽ ഇവർക്ക് ആത്മവിശ്വാസവും ആത്മാഭിമാനവും കൈമുതലായുണ്ട്. ഇവരുടെ ഉയർച്ചയിൽ നമുക്കും അഭിമാനിക്കാം.●

*തിരൂർ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിലെ വനിതക്ഷേമ ഓഫീസറാണ് ലേഖിക*

**സജു ഗോപിനാഥ്**
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടക്കര ഗ്രാമപഞ്ചായത്ത്

# ഖദീജമാരും തൊഴിലുറപ്പിൽ

എന്റെ പേര് ഖദീജ. വയസ്സ് 49 മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലെ എരഞ്ഞിമങ്ങാടാണ് സ്ഥലം. ഭക്ഷണത്തിന് ബുദ്ധിമുട്ടില്ലായിരുന്നു എങ്കിലും തീർത്തും ഒറ്റപ്പെട്ട ജീവിതമായിരുന്നു എന്റേത്.

2008-ൽ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാൻ തുടങ്ങിയത്. ഞാനും പദ്ധതിയിൽ അംഗമായി KL-05-007-001-007/009 എന്ന നമ്പറിൽ ഞാൻ തൊഴിൽ കാർഡെടുത്തു. എരഞ്ഞിമങ്ങാട് എസ്.എം.ജി.ബി.യിൽ നിന്നും ജി.ജെ.എസ്.ബി. 696 ആയി ബാങ്ക് അക്കൗണ്ടും തുടങ്ങി.

പദ്ധതി തുടങ്ങിയ നാൾ മുതൽ ഞാൻ അംഗമായി. എന്റെ ജീവിത സാഹചര്യം തന്നെ തൊഴിലുറപ്പ് പദ്ധതി മാറ്റി മറിച്ചു. സ്വന്തമായി വരുമാനം നേടാനും ബാങ്കുമായി പണമിടപാട് നടത്താനും തൊഴിലുറപ്പിലൂടെ എനിക്ക് സാധിച്ചു.



കഴിഞ്ഞ മൂന്ന് വർഷങ്ങളിലും 100 പണി പൂർത്തികരിച്ച എനിക്ക് പ്രായമായ അച്ഛനെ സംരക്ഷിക്കാനും സാധിക്കുന്നുണ്ട്. ഈ വർഷവും 100 പണി തികയുന്ന എനിക്ക് എന്റെ ബാങ്ക് അക്കൗണ്ടിൽ എല്ലാ ചിലവും കഴിച്ച് 7500 രൂപ ബാക്കിയുണ്ട്.

എന്റെ കഥ എന്നെ പോലെ ഒറ്റപ്പെട്ട, വിവാഹം കഴിയാതെ വീട്ടിൽ ചടഞ്ഞു നിൽക്കുന്ന, ഒന്നിനും കഴിയില്ല എന്നു കരുതി നിരാശയിൽ ജീവിതം ഹോമിക്കുന്ന നിർഭാഗ്യവതികൾക്ക് ജീവിക്കാൻ ഒരു പ്രചോദനം ആകുമെന്നു കരുതുന്നു!

# MGNREGS കുമ്പളപ്പാറ എസ്.റ്റി. കോളനി

നിലമ്പൂർ ബ്ലോക്കിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്ത് ആസ്ഥാനത്തു നിന്നും 15 കി.മീ. ഉൾവനത്തിൽ, ഒന്നാം വാർഡിൽ ചാലിയാറിന്റെ ഉത്ഭവ സ്ഥാനത്തിനടുത്താണ് കുമ്പളപ്പാറ പട്ടിക വർഗ്ഗ കോളനി. പ്രാക്തന ഗോത്ര വർഗ്ഗമായ കാട്ടുനായ്ക്കർ വിഭാഗത്തിൽ പ്പെട്ട 20 കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്.

2009 മുതൽ കുമ്പളപ്പാറ കോളനി നിവാസികൾ തൊഴിലുറപ്പ് പദ്ധതിയിൽ സജീവമായി എല്ലാ കുടുംബങ്ങളും തൊഴിൽ കാർഡുകൾ കൈപറ്റി. 2013-14 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ കോളനിയിൽ 3 പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്. കോളനി സന്ദർശിച്ചപ്പോൾ കോളനിയിലെ വീടുകളും കൃഷി സ്ഥലങ്ങളും കാടുമൂടി കിടക്കുന്ന അവസ്ഥയിലായിരുന്നു.

ഭൂമി വെട്ടി തെളിച്ച് കൃഷിയോഗ്യമാക്കുകയും വന്യമൃഗങ്ങൾ നശിപ്പിക്കാത്ത സുഗന്ധവ്യഞ്ജനങ്ങളായ ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ കൃഷി ചെയ്തു.

77400 രൂപ അടങ്കൽ തുകയുള്ള പദ്ധതി പ്രകാരം 70560 രൂപ കോളനി വാസികൾക്ക് കൂലിയിനത്തിൽ ലഭ്യമാക്കാൻ സാധിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള 399 തൊഴിൽ ദിനങ്ങളിൽ 372 എണ്ണം വിനിയോഗിച്ചു. കോളനിയിലെ 28 പേർ ഈ പ്രവൃത്തിയിൽ പങ്കാളികളായി.

വന്യമൃഗശല്യം കുറയ്ക്കുന്നതിനും കൃഷിഭൂമി സംരക്ഷിക്കുന്നതിനും വീടുകൾക്ക് ചുറ്റും ജൈവവേലി നിർമിച്ചു. പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 67600 രൂപയായിരുന്നതിൽ 60480 രൂപ കൂലിയിനത്തിൽ ചെലവഴിച്ചു. എസ്റ്റിമേറ്റ് പ്രകാരം 350 തൊഴിൽ ദിനങ്ങൾ ഉള്ളതിൽ 336 തൊഴിൽ ദിനങ്ങൾ ഉപയോഗിച്ചുകൊണ്ട് 28 കുടുംബങ്ങൾ ഈ പ്രവൃത്തിയിൽ പങ്കാളികളായി.

ഇരുട്ടു കുത്തി കോളനി മുതൽ കുമ്പളപ്പാറ വരെയുള്ള 9 കിലോമീറ്റർ റോഡ് പുനരുദ്ധരിച്ച് ഗതാഗതയോഗ്യമാക്കി തീർത്തു. 86040 രൂപ വേതനമായും 478 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. 100 തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യുവാനും സാധിച്ചു.

എല്ലാവർക്കും ഞെട്ടികുളത്തുള്ള കേരള ഗ്രാമീൺ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ട്. എല്ലാവരും ബാങ്ക് അക്കൗണ്ട് ആധാർ നമ്പറുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

കോളനിവാസികളുടെ പരമ്പരാഗത തൊഴിലായ വനവിഭവശേഖരണം നടത്തുന്ന സമയം ഒഴിവാക്കിയാണ് പ്രവൃത്തികൾ നടപ്പാക്കി വരുന്നത്. ആയതിനാൽ ഈ പദ്ധതിയിലൂടെ അവർക്ക് അധിക വരുമാനം നേടാനും സാമ്പത്തികമായി സുരക്ഷിതത്വം നേടാനായതായും കോളനിവാസികൾ പറഞ്ഞു.

# ആദ്യത്തെ ഇരട്ടിമധുരം



## സ്വരാജ് ട്രോഫിയും രാജീവ് ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാൻ അവാർഡും നിലമ്പൂർ ബ്ലോക്ക്പഞ്ചായത്തിന്





കേന്ദ്ര സർക്കാരിന്റെ 2013-14 വർഷത്തെ രാജീവ് ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാൻ പുരസ്കാരവും 2012-13 വർഷത്തെ സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ ബ്ലോക്ക് പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി പുരസ്കാരവും ലഭിച്ചത് നിലമ്പൂർ ബ്ലോക്ക്പഞ്ചായത്തിന് ആണ്. മലബാർ പ്രദേശത്തെ ഒരു ബ്ലോക്കിന് ഇതാദ്യമായാണ് രണ്ട് അംഗീകാരങ്ങളും ഒന്നിച്ചു ലഭിക്കുന്നത്.

2012-13 സാമ്പത്തിക വർഷത്തിൽ വിവിധ മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളും 2013-14 വർഷത്തെ തുടർ പ്രവർത്തനങ്ങളുമാണ് ഈ രണ്ട് അവാർഡുകളും നേടുന്നതിന് ബ്ലോക്ക്പഞ്ചായത്തിനെ സഹായിച്ചത്. സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള ജനങ്ങളുടെ പ്രശ്നങ്ങളിൽ നടത്തിയ താഴെ പറയുന്ന ഇടപെടലുകളാണ് ഈ വിജയത്തിന് നാന്ദി ആയത്.

1. പ്രോജക്ട് നമ്പർ.86/2012 - ചലനശേഷി നഷ്ടപ്പെട്ടവർക്ക് പുനരധിവാസം (തുക - 6,00,000)
2. പ്രോജക്ട് നമ്പർ.136/2012 - വികലാംഗർക്ക് വാഹനം വാങ്ങി നൽകൽ (തുക - 7,70,000)
3. പ്രോജക്ട് നമ്പർ.22/2012 - ചുങ്കത്തറ സി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ (ആരോഗ്യ സൗഖ്യം)(തുക -2,00,000)

ജില്ലാതല ആസൂത്രണ സമിതിയുടെ അംഗീകാരം പ്രസ്തുത പദ്ധതികൾക്ക് വാങ്ങിയിട്ടുണ്ട്. കൂടാതെ ആദ്യ രണ്ട് പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കേണ്ട പദ്ധതികൾ അല്ലാത്തതിനാൽ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ പ്രത്യേകാംഗീകാരം വാങ്ങിയാണ് നടപ്പിലാക്കിയത്.

ചലനശേഷി നഷ്ടപ്പെട്ടവർക്ക് പുനരധിവാസം എന്ന പ്രോജക്ടും വികലാംഗർക്ക് വാഹനം വാങ്ങി നൽകുന്ന പ്രോജക്ടും നിർവ്വഹണ ഉദ്യോഗസ്ഥനായ ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ (ഇംപ്ലിമെന്റിംഗ് ഓഫീസർ) മുഖേനയാണ് നടപ്പിലാക്കിയത്. ചലനശേഷി നഷ്ടപ്പെട്ടവർക്കായി പുനരധിവാസ ഉപകരണങ്ങൾ സിഡ്കോ, മഞ്ചേരി മുഖേന വാങ്ങുന്നതിന് പ്രൊക്വയർമെന്റ് കമ്മറ്റി അംഗീകാരം നൽകുകയും വാങ്ങുകയും ചെയ്തു. പ്രസ്തുത ഉപകരണങ്ങൾ ചുങ്കത്തറ ജ്യോതി പാലിയേറ്റീവ് ക്ലിനിക്ക് മുഖേനയാണ് രോഗികൾക്ക് ഉപയുക്തമാക്കുന്നത്.

വികലാംഗർക്ക് വാഹനം വാങ്ങി നൽകൽ എന്ന പ്രോജക്ടിന് വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 26.03.13 ലെ യോഗത്തിലെ തീരുമാന പ്രകാരം വികലാംഗ കോർപ്പറേഷൻ അംഗീകരിച്ച നിരക്കിൽ ചെയ്യാൻ അനുമതി ലഭിക്കുകയും വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്ന് ലഭിച്ച ഇൻവോയിസിനേക്കാൾ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മഹീന്ദ്ര ഡ്യൂറോ മുചക്ര സ്കൂട്ടർ 14 എണ്ണം വാങ്ങി. പ്രത്യേക ഗുണഭോക്തൃ (വികലാംഗ) ഗ്രാമസഭകൾ ചേർന്ന് ഗ്രാമപഞ്ചായത്തുകൾ മൊത്തം 14 ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ഇവർക്ക് വാഹനം നൽകുകയും ചെയ്തു.

### ആരോഗ്യസൗഖ്യം

ചുങ്കത്തറ സി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി മെഡിക്കൽ ഓഫീസർ സി.എച്ച്.സി ചുങ്കത്തറ മെഡിക്കൽ ഓഫീസർ മുഖേനയാണ് ഇംപ്ലിമെന്റ് ചെയ്തത്. പ്രസ്തുത പ്രോജക്ടിന് 2,00,000 രൂപ വകയിരുത്തുകയും ജില്ലാ മെഡിക്കൽ ഓഫീസറുടെ അംഗീകാരം വാങ്ങുകയും ചെയ്തു. മരുന്ന് കാരുണ്യ ഹോസ്പിറ്റൽ മെഡിക്കൽ സൊസൈറ്റി മുഖേന വാങ്ങുകയും





ചെയ്തു. നിത്യരോഗികളായവർക്ക് പരിരക്ഷാ പദ്ധതി മുഖേന ലഭിക്കാത്ത മരുന്നുകളാണ് ഈ പദ്ധതി മുഖേന ലഭ്യമാക്കിയിട്ടുള്ളത്. ഏകദേശം 110 ഓളം രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കിയിട്ടുണ്ട്.

ചലനശേഷി നഷ്ടപ്പെട്ടവർക്ക് ഫിസിയോതൊറാപ്പി ചെയ്യാൻ സാധിക്കുന്നത് മൂലം അവരുടെ ചലന ശേഷി വീണ്ടെടുക്കാൻ കഴിഞ്ഞു വരുന്നു. ഇത് അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചിട്ടുണ്ട്.

അംഗവൈകല്യമുള്ളവർ മുച്ചക്ര വാഹനത്തിന്റെ ഉപയോഗം മൂലം സ്വയം സഞ്ചരിക്കാൻ സാധിക്കുന്ന അവസ്ഥയിലായിട്ടുണ്ട്. കൂടാതെ അവരുടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനും ഇത് മൂലം സാധിച്ചു വരുന്നുണ്ട്.

നിത്യരോഗികളായവർക്ക് വളരെയധികം സാമ്പത്തികമായി ആശ്വാസം ഈ പദ്ധതിമൂലം ഉണ്ടായിട്ടുണ്ട്. മരുന്നിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനും ഈ പദ്ധതി സഹായിച്ചിട്ടുണ്ട്.

കൂടാതെ പകർച്ചവ്യാധികൾക്കെതിരെയുള്ള തുടർച്ചയായ ബോധവൽക്കരണവും ആശാ വർക്കർമാരുടെ സഹായത്തോടെയുള്ള ശുചിത്വ കൈപുസ്തക വിതരണവും ഉൾപ്പടെയുള്ള ആരോഗ്യമേഖലയിൽ നടത്തിയ ഇടപെടലുകൾ ബ്ലോക്ക്പരിധിയിൽ മുൻവർഷങ്ങളേക്കാൾ പകർച്ചവ്യാധികൾ തടയാൻ സാധിച്ചു.

സംസ്ഥാനത്തുതന്നെ ഏറ്റവും അധികം ക്ഷീരകർഷകർ ഉള്ള മേഖലയാണ് നിലമ്പൂർ. ക്ഷീരമേഖലയ്ക്ക് കൈത്താങ്ങായി ക്ഷീരസമൃദ്ധി എന്ന പദ്ധതിയും നടപ്പിലാക്കി.

## സ്നേഹതീരം

2013-14 വർഷത്തിലെ വാർഷിക പദ്ധതിയിൽ ഇതിന്റെ തുടർച്ചയായി സമൂഹത്തിൽ അവശത അനുഭവിക്കുന്ന നിരാലംബരായ താഴെ പറയുന്ന വിഭാഗങ്ങൾക്കായി ആവിഷ്ക്കരിച്ച പദ്ധതിയാണ് സ്നേഹതീരം.

1. നട്ടെല്ലിന് ക്ഷതം സംഭവിച്ചവർക്കുള്ള ഒരു ഫിസിയോതെറാപ്പി സെന്റർ
2. മാനസിക വൈകല്യമുള്ളവർക്കുള്ള ഒരു ഡേകെയർ സെന്റർ.
3. വിധവകൾക്കുള്ള കൗൺസിലിംഗ് cum.തൊഴിൽ പരിശീലനം.
4. മദ്യത്തിനു മയക്കുമരുന്നിനും അടിമപ്പെട്ടവർക്കുള്ള കൗൺസിലിംഗ് സെന്റർ
5. വൃദ്ധർക്കുള്ള പകൽവീട്.
6. വിവാഹ പൂർവ്വ കൗൺസിലിംഗ് സെന്റർ.

2013-14 വർഷത്തെ 24-ാം നമ്പർ പ്രോജക്ടായി 30 ലക്ഷം രൂപ ബ്ലോക്ക് വിഹിതവും 10 ലക്ഷം രൂപ ഗ്രാമപഞ്ചായത്തുകളുടെ വിഹിതവുമായി മൊത്തം 40 ലക്ഷം രൂപയുടെ അടങ്കലോട് കൂടി പ്രവാസികൾ സൗജന്യമായി നൽകിയ 10 സെന്റ് സ്ഥലത്ത് കെട്ടിടം പണി പൂർത്തീകരിച്ച് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അവർകൾ 2014 മെയ് 8 ന് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ അടുത്ത ഘട്ടത്തിന് കേരളാ ഊർജ്ജ ഗതാഗത വകുപ്പ് മന്ത്രി ആര്യാടൻ മുഹമ്മദ് എം.എൽ.എമാരുടെ പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

സമൂഹത്തിലെ ഏറ്റവും ദൈന്യത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കുള്ള പദ്ധതിയിൽ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും സാമ്പത്തികം സമാഹരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും വേണ്ടി ഒരു പ്രത്യേക സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് സ്നേഹതീരം ചാരിറ്റബിൾ സൊസൈറ്റി എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമായി പ്രസ്തുത സൊസൈറ്റി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിനു കീഴിൽ രജിസ്ട്രേഷൻ നമ്പർ 1169/2013 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് പി. പുഷ്പവല്ലി ടീച്ചർ, വൈസ് പ്രസിഡന്റ് സി.എച്ച്.ഇഖ്ബാൽ മാസ്റ്റർ, സ്ഥിരസമിതി അദ്ധ്യക്ഷരായ ഷേർളി വർഗ്ഗീസ്, കെ.എ.പീറ്റർ, പി.കെ. ജസീന, സെക്രട്ടറി ബിന്നിജോസ്, ഭരണ സമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ എന്നിവരുടെ കൂട്ടായ പ്രവർത്തനഫലമായാണ് ഈ വർഷം തന്നെ രണ്ടാമത്തെ പുരസ്കാരവും നിലമ്പൂരിന് ലഭിക്കാൻ കാരണമായത്.●



# പട്ടിന്റെ പാതയിലൂടെ

സി. കബനി

പൗരാണിക കാലം മുതലേ പട്ടു നൂലും പട്ടും മനുഷ്യസംസ്കൃതിയുടെ ഭാഗമാണ്. പട്ടുനൂൽപ്പുഴുവിന്റെ ഒരൊറ്റ നാരു കൊണ്ട് സമ്പന്നമാക്കപ്പെടുന്നത് മനുഷ്യജീവന്റെ സുന്ദരതാളം തന്നെയാണ്. ചൈനയിൽ നിന്നും 21 ബി സി വരെ പഴക്കമുള്ള പട്ടുനാരുകൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. 206 ബിസിയ്ക്കും 220 എഡിക്കും ഇടയിൽ ചൈന ഭരിച്ച ഹാൻ രാജവംശത്തിന്റെ കീഴിൽ വികാസം പ്രാപിച്ച കച്ചവടപാതകളുടെ ശൃംഖല, "പട്ടിന്റെ പാത" (സിൽക്ക് റൂട്ട്) എന്നാണറിയപ്പെട്ടത്. ചൈനക്കും യൂറോപ്പിനും ഇന്ത്യക്കും നിരവധി ആഫ്രോ-യൂറേഷ്യൻ രാജ്യങ്ങൾക്കുമിടയിൽ നിലനിന്നിരുന്ന 'പട്ടിന്റെ പാത'യ്ക്ക് ആ പേര് നേടിക്കൊടുത്തത് ആ വഴികളിലൂടെ പാറിപ്പറന്നിരുന്ന പട്ടിന്റെ വിജയഗാഥകൾ തന്നെ. അവിടെ നിന്നും ഇരുപത്തിഒന്നാം നൂറ്റാണ്ടിലെത്തിനിൽക്കുമ്പോഴും പട്ടിന്റെ സൗന്ദര്യശാസ്ത്രത്തിനും പട്ടുനൂൽപുഴുവളർത്തൽ എന്ന തൊഴിലിന്റെ സാദ്ധ്യതകൾക്കും മങ്ങലൊന്നും തന്നെ സംഭവിച്ചിട്ടില്ല.

## സെറികൾച്ചർ:സാദ്ധ്യതകൾ

കാർഷിക മേഖലയിൽ കൂടുതൽ ആദായം നല്കുന്നതും സ്വയം തൊഴിലായി ചെയ്യാവുന്നതുമായ കാർഷികാധിഷ്ഠിത ജീവപരിപാലന രീതിയാണ് മൾബറി കൃഷിയും പട്ടുനൂൽ പുഴു വളർത്തലും. താരതമ്യേന കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ആദായം, മാസ വരുമാനം പോലെ ലഭിക്കുന്ന ഈ കൃഷി ഇപ്പോൾ കേരള സർക്കാരിന്റെയും കേന്ദ്ര സിൽക്ക് ബോർഡിന്റെയും സാമ്പത്തിക സഹായത്തോടു കൂടി ഗ്രാമവികസന വകുപ്പ് വഴി, ബ്ലോക്കുകളിലൂടെ കൂടുതൽ സാധ്യതകളും നല്ല ജലസേചന സൗകര്യമുള്ളതുമായ പ്രദേശങ്ങൾ കണ്ടെത്തി നടപ്പിലാക്കി വരുന്നു.

സ്ത്രീകൾക്കും പ്രായം ചെന്നവർക്കും ഒരു പോലെ ഏർപ്പെടാവുന്ന പ്രവൃത്തിയാണ് മൾബറി കൃഷിയും പട്ടുനൂൽ പുഴു വളർത്തലും. നല്ല നീർവാർച്ചയുള്ള, പൂർണ്ണമായും സൂര്യപ്രകാശം ലഭിക്കുന്ന, ജലസേചന സൗകര്യമുള്ള ഭൂമിയുള്ളവർക്ക് (സ്വന്തമായോ, പാട്ടത്തിനോ) ഈ കൃഷിയിൽ ഏർപ്പെടാവുന്നതാണ്.

സെറികൾച്ചർ ഗ്രാമവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ആദ്യ ഘട്ടത്തിൽ പേരാമ്പ്ര, ബാലുശ്ശേരി, കുന്നുമ്മൽ എന്നീ 3 ബ്ലോക്കുകളെയാണ് സെറികൾച്ചർ വികസനത്തിന് സാധ്യതയുള്ള ബ്ലോക്കുകളായി തെരഞ്ഞെ



നിരവധി തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുവാൻ കഴിയുന്ന ഒരു സംരംഭമാണ് സെറികൾച്ചർ അഥവാ മൾബറി കൃഷിയും പട്ടുനൂൽ പുഴു വളർത്തലും – അനുബന്ധ സിൽക്ക് വ്യവസായങ്ങളും.

- മൾബറി തൈകൾ നടുന്നതു മുതൽ കൊക്കൂൺ ഉത്പാദിപ്പിക്കുന്നതു വരെയുള്ള കാർഷിക പ്രവർത്തനങ്ങളും, കൊക്കൂണിൽ നിന്ന് പട്ടുനൂൽ വേർതിരിച്ചെടുക്കുന്നതു മുതൽ ഫർണിഷിംഗ് മെറ്റീരിയൽ നിർമ്മിച്ച് പട്ടുനൂൽ വസ്ത്രങ്ങൾ വിപണനം നടത്തുന്നതു വരെയുള്ള വ്യാവസായിക പ്രവർത്തനങ്ങളും ഏകദേശം 60 ലക്ഷം ഇന്ത്യക്കാർക്ക് പ്രത്യക്ഷമായും പരോക്ഷവുമായി തൊഴിൽ നല്കുന്നുണ്ട്.
- സിൽക്ക് ഉത്പാദനത്തിൽ ഇന്ത്യ ലോകത്തിൽ രണ്ടാം സ്ഥാനത്താണെ

അതേസമയം സിൽക്ക് ഉത്പന്ന കയറ്റുമതി വഴി 5000 കോടി രൂപയുടെ വിദേശ നാണ്യം നേടാനും കഴിഞ്ഞു.

- ആഭ്യന്തര ഉപഭോഗത്തിനാവശ്യമായതിനേക്കാൾ 10000 ടൺ കുറവാണ് ഇന്ത്യയുടെ ഉത്പാദനം. ഇന്ത്യയിൽ ഒരു വർഷം 5000 കോടി രൂപയുടെ സിൽക്ക് ഉത്പന്നങ്ങൾ വിറ്റഴിക്കപ്പെടുന്നുണ്ട്. അതിനാൽ ആഭ്യന്തര ഉപയോഗം മാത്രം ലക്ഷ്യം വെച്ചാൽ പോലും ഉത്പന്നത്തിന് ധാരാളം സാധ്യതകളുണ്ട്. ഇന്ത്യയിൽ ഏറ്റവും അധികം കൊക്കൂൺ ഉത്പാദിപ്പിക്കുന്നത് കർണാടകയാണ്.
- സെറികൾച്ചർ എന്ന കാർഷികാധിഷ്ഠിത വ്യവസായത്തെ സംസ്ഥാനത്ത് വികസിപ്പിക്കുന്നതും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും തൊഴിലില്ലായ്മക്ക് ഒരു പരിധി വരെ പരി

**സെറികൾച്ചർ യൂണിറ്റ് ജില്ലയിലെ ഒരു മാതൃകാ സെറികൾച്ചർ യൂണിറ്റായി വികസിപ്പിക്കുന്നതും പുതുതായി ഈ മേഖലയിലേക്ക് കടന്നുവരുന്നവർക്ക് ഒരു മാതൃകാ പരിശീലന കേന്ദ്രമായി ഉയർത്തികൊണ്ടുവരുന്നതും സാദ്ധ്യമാണ്. ഇവിടെ പരിശീലനം ലഭിക്കുന്ന തൊഴിലാളികളെ വിദഗ്ദ്ധ തൊഴിലാളികളാക്കി മാറ്റുവാനും ഇവരെ ലേബർ ബാങ്ക് ആക്കിമാറ്റികൊണ്ട് മറ്റു പഞ്ചായത്തുകളിലെ തൊഴിലാളികൾക്ക് സെറികൾച്ചർ പരിശീലനം നല്കുവാനും സാദ്ധ്യതകളുണ്ട്.**



ടുത്തിട്ടുള്ളത്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെന്നോ, അല്ലാത്തവരെന്നോ ഉള്ള വ്യത്യാസമില്ലാതെ അർഹരായ എല്ലാവർക്കും ഈ സ്കീമിലൂടെ ധനസഹായം നല്കുന്നുണ്ട്.

## സെറികൾച്ചറിന്റെ പ്രത്യേകതകളും പദ്ധതിയുടെ ലക്ഷ്യവും

- കാർഷിക വ്യവസായ മേഖലകളിൽ

ങ്കിലും ആഗോള ഉത്പാദനത്തിന്റെ 15 ശതമാനം മാത്രമാണ് ഇന്ത്യയുടെ വിഹിതം. ഏറ്റവും കൂടുതൽ സിൽക്ക് ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിലൊന്നായ ഇന്ത്യ 2011–12 സാമ്പത്തിക വർഷത്തിൽ 9384 കോടി രൂപയ്ക്കുള്ള 5870 ടൺ സിൽക്ക് ഇറക്കുമതി ചെയ്തു.

ഹാരം കാണുന്നതുമാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമാക്കുന്നത്.

6.1989 ൽ സംസ്ഥാന സർക്കാർ സെറികൾച്ചറിനെ ഒരു ഗ്രാമീണ വ്യവസായമായി പ്രഖ്യാപിച്ചു. 2010 ജൂലൈ വരെ വിവിധ സർക്കാർ ഏജൻസികൾ മുഖാന്തിരം (ഖാദി ആന്റ് വില്ലേജ് ഇൻഡ

സ്ട്രീസ് ബോർഡും സെറിഫെഡും) നടപ്പാക്കി വരുന്ന ഈ സംരംഭം 2010 ആഗസ്റ്റ് മാസം മുതൽ കേരള സർക്കാരിന്റെയും കേന്ദ്ര സിൽക്ക് ബോർഡിന്റെയും സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി കൂടുതൽ ജനകീയമായി ഗ്രാമവികസന വകുപ്പ് മൂഖാന്തിരം നടപ്പാക്കി വരുന്നു.

നല്ല സൂര്യ പ്രകാശവും ജലസേചന സൗകര്യവുമുളള നീർവാർച്ചയുള്ള സ്ഥലത്ത് വേണം മൾബറി കൃഷി ചെയ്യേണ്ടത്. ഒരടി താഴ്ചയുള്ള, ചതുരത്തിലുള്ള കുഴികളിൽ ജൈവവളമിട്ടു വേണം വേരു പിടിപ്പിച്ച മൾബറി തൈകൾ മൂന്നടി അകലത്തിൽ നടേണ്ടത്. ആവശ്യമായ ജീവാണു,ജൈവ, രാസവള പ്രയോഗങ്ങളും സസ്യസംരക്ഷണ പരിപാലന മുറകളും ആവശ്യത്തിന് ജലവും നല്കിയാൽ ആദ്യത്തെ ആറു മാസം കൊണ്ട് ചെടികൾ ഇലകൾ പറിച്ചെടുക്കുന്നതിന് തയ്യാറാകും, തുടർന്ന് ഓരോ ഇല പറിക്കലിനു ശേഷവും ഒന്നരമാസം കൊണ്ട് തോട്ടം വീണ്ടും ഉത്പാദന ക്ഷമമാകും. ഇങ്ങനെ ഇതു 20 വർഷം വരെ തുടരാം.

ഇത്തരത്തിൽ ഒരു മൾബറി തോട്ടം വിളവെടുപ്പിന് തയ്യാറായാൽ ഒട്ടും വൈകാതെ മൾബറി ഇല ഉപയോഗിച്ച് തീറ്റ നല്കി പട്ടുനൂൽ പുഴുക്കളെ വളർത്തുക എന്നതാണ് അടുത്ത ഘട്ടം. ഇതിനായി വായു സഞ്ചാരമുള്ളതും ചൂടു നിയന്ത്രിക്കാൻ സാധിക്കുന്നതുമായ, പ്രത്യേകം തയ്യാറാക്കിയ പുഴു വളർത്തു പുര നിർമ്മിക്കേണ്ടതുണ്ട്. ഇങ്ങനെ തയ്യാറാക്കിയ പുരയിൽ മരം കൊണ്ടുണ്ടാക്കിയ തട്ടുകളിലാണ് പട്ടുനൂൽ പുഴുക്കളെ വളർത്തുന്നത്. മൾബറി ഇലയുടെ ലഭ്യതയനുസരിച്ച് പട്ടുനൂൽ പുഴുക്കളെ വളർത്താവുന്നതാണ്. ചെറുപ്രായത്തിലുളള പുഴുക്കൾക്ക് തളിരിലകളാണ് നല്കേണ്ടത്. പുഴുവിന് വളർച്ച കൂടുന്നതനുസരിച്ച് മൂപ്പ് കൂടിയ ഇലകൾ നല്കാം. മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ ഓരോ ഘട്ടത്തിലും ആവശ്യമായ ഇലകൾ തണ്ടോടുകൂടി മുറിച്ചു കൊണ്ടുവന്നു നല്കുന്ന Shoot Rearing രീതിയാണ് നിലവിലുള്ളത്. ഈ രീതി മനുഷ്യാദ്ധ്വാനം പകുതിയിലധികം കുറക്കാനും പുഴുക്കൾക്ക് വൃത്തിയായും ആയാസരഹിതമായും വളരാനും സഹായകമാണ്. ഒരു പട്ടുനൂൽ പുഴുവിന്റെ വളർച്ചകാലം (കൊക്കൂണുണ്ടാകുന്ന കാലം) 23 ദിവസമാണ്. ഈ കാലയളവിൽ പുഴുക്കൾക്ക് തീറ്റ നല്ക്കേണ്ടതില്ലാത്ത 4 ദിവസങ്ങൾ ഒഴിവാക്കിയാൽ 19 ദിവസമാണ് തീറ്റക്കാലം. ഇതിൽ തന്നെ 90 ശതമാനം തീറ്റയും ആവശ്യമായത് അവസാന 10 ദിവസമാണ്. ഈ ദിവസങ്ങളിലാണ് കാര്യമായ അദ്ധ്വാനമാവശ്യമായി വരുന്നത്. എന്നാൽ മറ്റു സമയങ്ങളിൽ ശരിയായ പരിചരണമാണാവശ്യം. തീറ്റക്കാലത്തിന്റെ അവസാനം പുഴുക്കൾ പ്രത്യേകം സജ്ജീകരിച്ച Mountage കളിൽ കൊക്കൂൺ നെയ്യുകയും ആറാമത്തെയോ ഏഴാമത്തെയോ ദിവസം ഈ കൊക്കൂൺ വിളവെടുത്ത് വിപണനം നടത്തുകയുമാണ് ചെയ്യുന്നത്. അതായത് ഏകദേശം ഒരു മാസമാണ് കൊക്കൂൺ ഉത്പാദന കാലം. കൊക്കൂണിന് കിലോ ഗ്രാമിന് ഗുണനിലവാരമനുസരിച്ച് 400 മുതൽ 450 രൂപ വരെ ഇപ്പോൾ ലഭിക്കുന്നു.

സെറികൾച്ചറിൽ ഏർപ്പെട്ടിരിക്കുന്ന കർഷകന് ആദ്യ വർഷം 3 തവണയും രണ്ടാം വർഷം മുതൽ 6 തവണയും കൊക്കൂൺ ഉത്പാദിപ്പിച്ച് വിപണനം നടത്താനാവും. ഉത്പന്നം കേരളാ ഖാദി ഗ്രാമ വ്യവസായ ബോർഡ് വിലക്ക് വാങ്ങുന്നു. കോയമ്പത്തൂർ, രാം നഗർ, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിലും വിപണിയുണ്ട് ഒരേക്കറിൽ നിന്ന് ഒരു വർഷം 6 ബാച്ചുകളിലായി 1000 അണ്ഡ ശേഖരം വളർത്താനും 800 കി. ഗ്രാം കൊക്കൂൺ ഉത്പാദിപ്പിക്കാനുമാകും. കിലോഗ്രാമിന് ശരാശരി 400 രൂപ വെച്ച് 3,20,000 രൂപയുടെ മൊത്തം വരുമാനവും രണ്ട് ലക്ഷം രൂപയുടെ അറ്റാദായവുമുണ്ടാക്കാൻ ഈ സംരംഭത്തിന് സാധിക്കും. ഇതിനു പുറമെ കർഷകൻ ഉത്പാദിപ്പിക്കുന്ന കൊക്കൂണിന് ഗുണമേൻമയനുസരിച്ച് ഓരോ കിലോ ഗ്രാമിനും 30 മുതൽ 50 രൂപ വരെ ഉത്പാദനക്ഷമതാ സഹായം നൽകുന്നു. പട്ടുനൂൽ റീലിംഗ് മേഖലയിൽ ഒരു കിലോ ബൈവോൾട്ടെയിൻ സിൽക്കിന് 100 രൂപ നിരക്കിൽ ഇൻസെന്റീവ് നല്കുന്നു.

## കടിയങ്ങാട് സെറികൾച്ചർ യൂണിറ്റ്

30/10/2012 ന് എസ്.ഐ.ആർ.ഡിയിൽ വെച്ച് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാർക്കും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും വേണ്ടി നടത്തിയ ഏകദിന സെറികൾച്ചർ ശില്പശാലയിൽ ഗ്രാമവികസന കമ്മീഷണർ തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ പ്രദർശനത്തോട്ടങ്ങളുടെ സാദ്ധ്യത പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അതേത്തുടർന്ന് പേരാമ്പ്രയിലെ ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിലെ കടിയങ്ങാട് എന്ന സ്ഥലത്ത്, ബ്ലോക്കിന്റെ ഉടമസ്ഥതയിലുള്ള 0.5 ഏക്കറിൽ 2500 ഓളം വി.വൺ ഇനത്തിലുള്ള മൾബറി ചെടികൾ നട്ട് മൾബറി തോട്ടം മഹാത്മാ ഗാന്ധി തൊഴിലുറപ്പു പദ്ധതിയുടെ സഹായത്തോടെ ശാസ്ത്രീയമായിത്തന്നെ തയ്യാറാക്കി. തോട്ടനിർമ്മാണത്തിന്റെ എല്ലാ ഘട്ടത്തിലും ജില്ലയിലെ അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസറായ എ എം എസ് സുശാന്തിന്റെ പൂർണ്ണ സഹകരണവുമുണ്ടായിരുന്നു.

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി വരുന്ന എസ്.ജി.എസ്.വൈ സ്പെഷ്യൽ പ്രോജക്റ്റ് ആയ സുഭിക്ഷ (Coconut Producer Company) യുടെ ഭാഗമായ സ്ത്രീ സ്വയം സഹായ സംഘമായ ഗ്രാമത്തെയാണ് സെറികൾച്ചർ ചെയ്യുവാൻ ബ്ലോക്ക് ഭരണസമിതി ചുമതലപ്പെടുത്തിയിരിക്കുന്നത്. മൾബറി കൃഷിയും പട്ടുനൂൽ പുഴുവളർത്തലും വിജയകരമായി നടത്തികൊണ്ടു പോകാൻ പറ്റിയ സാധ്യതകളുള്ള സ്ഥലമാണ് ഇതിനു വേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത്. അടുത്തു തന്നെ ഒരു കൈത്തോട് ഒഴുകുന്നതിനാൽ ഇവിടെ ജലസേചന സൗകര്യമുണ്ട്. സുഭിക്ഷയുടെ ചകിരി നിർമ്മാണ യൂണിറ്റിന്റെ ഒഴിഞ്ഞു കിടക്കുന്ന വലിയ ഹാൾ താല്കാലികമായി പുഴു വളർത്തു പുരയായി ഉപയോഗിക്കുന്നുണ്ട്. വെളിച്ചെണ്ണ നിർമ്മാണത്തിന്റെ ഉപോൽപ്പന്നമായ ചകിരി ഉപയോഗിച്ച് സുഭിക്ഷ ഈ സ്ഥലത്തുള്ള നാരുല്പാദന കേന്ദ്രത്തിൽ ചകിരിച്ചോറു കൊണ്ട് ജൈവവളം ഉത്പാദിപ്പിക്കുന്നുണ്ട്. ഈ ജൈവവളമാണ് മൾബറിച്ചെടികൾക്ക് നല്കുന്നത്. പട്ടുനൂൽ പുഴു വളർത്തി ലഭിക്കുന്ന വരുമാനത്തിൽ നിന്ന് ഉടനെ തന്നെ 1000 സ്ക്വയർ ഫീറ്റ് അളവിലുള്ള ഒരു പ്രത്യേക പുഴു വളർത്തു പുര ശാസ്ത്രീയ മായി നിർമ്മിക്കാവുന്നതാണ്. ഇത് ഉപയോഗപ്പെടുത്തി വരും വർഷങ്ങളിൽ 100 DFLs (Disease Free Layings) ഒരു ബാച്ചിൽ റെയർ ചെയ്യാവുന്നതാണ്

## സെറി കൾച്ചറും മഹാത്മാ ഗാന്ധി തൊഴിലുറപ്പു പദ്ധതിയും

മഹാത്മാ ഗാന്ധി തൊഴിലുറപ്പു പദ്ധതിയിൽ കൺവർജൻസ് പ്രവൃത്തികൾക്ക് കൂടുതൽ പ്രാധാന്യം നല്കുന്നുണ്ട്. ഈ പദ്ധതിയിൽ സെറികൾച്ചർ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മൾബറി തോട്ടം നിർമ്മിക്കാൻ നിലം ഒരുക്കൽ, വളമിടൽ, റെയറിംഗ്, ഇടകിളക്കൽ, ജല



സേചനം മുതലായ പ്രവൃത്തികൾ മൂന്നു വർഷം വരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്. സുഭിക്ഷയുടെ സൈറ്റിൽ സെറികൾച്ചർ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്രാരംഭ നിലമൊരുക്കൽ എന്നതിന്റെ ഭാഗമായി പ്രവൃത്തിസ്ഥലം കാടുവെട്ടി പാഴ്മരങ്ങൾ മുറിച്ചു മാറ്റുകയും സ്ഥലം നിരപ്പാക്കുകയും ചെയ്തു. അതിനുശേഷം തൈ നടാനായി കുഴികൾ വെട്ടുകയും നട്ട തൈകൾ പരിപാലിക്കുകയും ചെയ്തു. ചെടിയുടെ വളർച്ചയ്ക്കായി സാധാരണ മണ്ണിൽ കിളയെടുത്ത് ചെടിയുടെ ഇരുവശങ്ങളിലും നിക്ഷേപിക്കുകയും കള പറിച്ചുകൊടുക്കുകയും ചെയ്തു. കഴിഞ്ഞ സാമ്പത്തികവർഷം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ സെറികൾച്ചർ മേഖലയിൽ 797 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനായി. ഇവിടെ തൊഴിലൂറപ്പു പദ്ധതിയിലൂടെ തന്നെ ഒരു പുഴുവളർത്തു പുര നിർമ്മിക്കുന്നതിനായുള്ള എസ്റ്റിമേറ്റും തയ്യാറായിക്കഴിഞ്ഞു.

കടിയങ്ങാട് “സുഭിക്ഷ”യുടെ ഭാഗമായി നാല് ഏക്കർ സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായുണ്ട്. അതിൽ അരയേക്കർ സ്ഥലത്ത് മാത്രമാണ് ആദ്യഘട്ടത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ മൾബറിത്തോട്ടം തയ്യാറാക്കിയത്. തയ്യാറാക്കപ്പെടുന്ന കൊക്കൂണിന്റെ ഗുണമേന്മ മൾബറി ഇലയിലടങ്ങിയ പോഷകങ്ങളുടെ അളവിൽ അധിഷ്ഠിതമായതിനാൽ ജൈവവളവും രാസവളവുമടങ്ങുന്ന മികച്ച പരിപാലനം തന്നെ ചെടികൾക്ക് നൽകിയിരുന്നു. അതുകൊണ്ട് തൈകൾ നട്ട് ആറുമാസത്തിനുള്ളിൽ തന്നെ കൊക്കൂൺ പരിപാലനത്തിനാവശ്യമായ ഇലകൾ തയ്യാറായി. എന്നാൽ സംഘാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം ലഭിച്ചതിനു ശേഷം മാത്രം പട്ടുനൂൽപ്പുഴു മുട്ടകൾ വിരിയിച്ചാൽ മതി എന്നതായിരുന്നു പൊതു തീരുമാനം. ഇതേത്തുടർന്ന് കേന്ദ്രസിൽക്ക് ബോർഡിൽ നിന്നും സിസയന്റിസ്റ്റായ പി വി സൗദാമിനി സൈറ്റിലെത്തി സംഘാംഗങ്ങൾക്ക് വിശദമായ പരിശീലനം നൽകി. വയനാട് ജില്ലയിലെ അമ്പലവയലിലെ സെറികൾച്ചർ സൈറ്റുകളിലേക്ക് രണ്ടു തവണ സംഘാംഗങ്ങളെ കൊണ്ടുപോകുകയും ചെയ്തു. ഇതിനിടെ ഗ്രാമവികസനവകുപ്പിലെ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ എവി അശോക് കുമാറും ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ പി സി ബാലഗോപാലും സൈറ്റ് സന്ദർശിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സൈറ്റിൽ ശേഷിച്ച മൂന്നര ഏക്കർ സ്ഥലത്ത് കൂടി മൾബറിത്തോട്ടം വികസിപ്പിക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മൾബറി തൈ നഴ്സറി തയ്യാറാക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്. ഇങ്ങനെ ഉല്പാദിപ്പിക്കുന്ന തൈകൾ ആവശ്യത്തിനനുസരിച്ച് ജില്ലയിലും മറ്റ് ജില്ലകളിലും വില്പന നടത്താവുന്നതാണ്.**

കേന്ദ്ര സിൽക്ക് ബോർഡിലെ തന്നെ സീനിയർ ടെക്നിക്കൽ അസിസ്റ്റന്റായ യു കെ കൃഷ്ണൻ തുടർച്ചയായി സൈറ്റ് സന്ദർശിക്കുകയും 100 അണ്ഡശേഖരം വിരിയിക്കാൻ തോട്ടം സജ്ജമാണെന്ന് ഉറപ്പിക്കുകയും ചെയ്തു. എങ്കിലും മുട്ട വിരിയിക്കാനാവശ്യമായ തട്ടുകളുടെയും സുരക്ഷിതമായ പുഴുവളർത്തുപുരയുടെയും കുറവു മൂലം 50 അണ്ഡശേഖരം മാത്രമേ വിരിയിക്കാനായുള്ളൂ. കാലാവസ്ഥാവ്യതിയാനവും പൂർണ്ണമായും ശാസ്ത്രീയമായി തയ്യാറാകാത്ത പുഴുവളർത്തു പുരയും മൂലം ബുദ്ധിമുട്ടുകളേറെ അനുഭവിക്കേണ്ടി വന്നെങ്കിലും 30 കിലോ കൊക്കൂൺ ഉല്പാദിപ്പിക്കാൻ സംഘാംഗങ്ങൾക്ക് സാധിച്ചു.

അമ്പത് അണ്ഡശേഖരത്തിൽ നിന്ന് അമ്പത്തിയഞ്ച് കിലോ കൊക്കൂൺ വരെ ഉല്പാദിപ്പിക്കാം. ആ കണക്കിൽ കടിയങ്ങാട്ടെ സൈറ്റിൽ നിന്നു ലഭിച്ച 30 കിലോ തുലോം കുറവാണെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ കൊക്കൂണിന് ആവശ്യമായതിന്റെ എൺപതു ശതമാനത്തിലധികം ഗുണമേന്മയുണ്ടെ

ന്നത് ആശ്വാസകരമായി. ജൂൺ 31ന് ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ കൊക്കൂൺ വിളവെടുപ്പ് ഉത്സവം നടത്തി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും സുഭിക്ഷ യുടെ ചെയർമാനുമായ എം കുഞ്ഞമദ് മാസ്റ്റർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. കൊക്കൂണിന്റെ വിപണന ത്തിനും കാര്യമായ ബുദ്ധിമുട്ടുകളൊ ന്നുമുണ്ടായില്ല. സംഘാംഗങ്ങളും അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസ റും കൊക്കൂൺ വയനാട്ടിൽ എത്തി ച്ചു കൊടുക്കുകയും അവിടെ നിന്നും അത് കർഷകർ ബാംഗ്ലൂരിലെത്തിച്ചു വില്ക്കുകയും ചെയ്തു. സബ്സിഡി യടക്കം കിലോക്ക് 325 രൂപ ലഭിച്ചു.

സൈറ്റിൽ ശേഷിച്ച മൂന്നര ഏക്കർ സ്ഥലത്ത് കൂടി മൾബറിത്തോട്ടം വിക സിപ്പിക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മൾബറി തൈ നഴ്സറി തയ്യാറാക്കാനുള്ള ശ്രമവും നടക്കുന്നു ണ്ട്. ഇങ്ങനെ ഉല്പാദിപ്പിക്കുന്ന തൈ കൾ ആവശ്യത്തിനനുസരിച്ച് ജില്ലയി ലും മറ്റ് ജില്ലകളിലും വില്പന നടത്താ വുന്നതാണ്. കോഴിക്കോട് ജില്ലയിലെ തന്നെ ബാലുശ്ശേരി ബ്ലോക്കിൽ നിർമ്മി ച്ച മൾബറിത്തോട്ടത്തിനുള്ള തൈകൾ വിതരണം ചെയ്യാൻ കടിയങ്ങാട്ടെ തോട്ടത്തിനായത് അതിനു തെളിവാ ണ്. തൈകളുടെ വില്പന വഴി പ്രസ്തുത സംഘത്തിന് അധിക വരു മാനമുണ്ടാക്കാവുന്നതാണ്.

ഈ സെറികൾച്ചർ യൂണിറ്റ് ജില്ല യിലെ ഒരു മാതൃകാ സെറികൾച്ചർ യൂണിറ്റായി വികസിപ്പിക്കുന്നതും പുതുതായി ഈ മേഖലയിലേക്ക് കടന്നുവരുന്നവർക്ക് ഒരു മാതൃകാ പരിശീലന കേന്ദ്രമായി ഉയർത്തി കൊണ്ടുവരുന്നതും സാദ്ധ്യമാണ്. ഇവിടെ പരിശീലനം ലഭിക്കുന്ന തൊഴി ലാളികളെ വിദഗ്ദ്ധ തൊഴിലാളി കളാക്കി മാറ്റുവാനും ഇവരെ ലേബർ ബാങ്ക് ആക്കിമാറ്റി കൊണ്ട് മറ്റു പഞ്ചായത്തുകളിലെ തൊഴിലാളി കൾക്ക് സെറികൾച്ചർ പരിശീലനം നല്കുവാനും സാദ്ധ്യതകളുണ്ട്. കൊക്കൂണിന്റെ രണ്ടാമത്തെ ബാച്ച് വിരിയിക്കാനുള്ള ശ്രമത്തിനിടയിൽ കൂറേക്കൂടി നിറമുള്ള സ്വപ്നങ്ങൾ ഇവിടത്തെ സ്വാശ്രയസംഘത്തിലെ അംഗങ്ങൾ നെയ്യുന്നുണ്ട്.●

*പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി യാണ് ലേഖിക*



# പെരിങ്ങരയിലെ പെരുമ

**എൻ.കെ ഷൈല**

പത്തനംതിട്ട ജില്ലയുടെ പടിഞ്ഞാറു ഭാഗത്താണ് പുളിക്കീഴ് ബ്ലോക്ക് പഞ്ചായ ത്ത് സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്തെ പൊതുവേ അപ്പർ കുട്ടനാട് എന്നും പറയു ന്നു. പമ്പയാറും മണിമലയാറും ബ്ലോക്ക് പ്രദേശത്തെ ജല സമൃദ്ധമാക്കുന്നു. പുരാ ണങ്ങളും ഐതീഹ്യങ്ങളും ഇഴ ചേർന്ന് കിടക്കുന്ന അഞ്ച് ഗ്രാമപഞ്ചായത്തുകൾ ചേർന്നതാണ് ഈ പ്രദേശം ഒരു കാലത്ത് കേരളത്തിന്റെ അഭിമാനമായിരുന്ന പമ്പാ റിവർ ഫാക്ടറി എന്ന പഞ്ചസാര മിൽ ഈ ബ്ലോക്ക് ഏരിയായിൽ ആണ്. കരിമ്പ് കൃഷിക്ക് പുകൾപെറ്റ ഈ സ്ഥലത്ത് കരിമ്പ് ഗവേഷണ കേന്ദ്രവും ഉണ്ട്.

മധ്യതിരുവിതാംകൂറിലെ ഏറ്റവും രുചി കരമായ വിഭവമായ മീൻ കറിയിൽ പ്രധാന ചേരുവ പുളിക്കീഴിലെ കുടംപുളിയാണ്. പെരിങ്ങര ഗ്രാമപഞ്ചായത്തിലെ പ്രിൻസ് മാർത്താണ്ഡവർമ്മയുടെ പേരിലുള്ള സ്ക്കൂൾ തിരുവിതാംകൂർ ചരിത്രവുമായി ഈ പ്രദേശത്തെ ബന്ധിപ്പിക്കുന്നു.

ഭൂമിയിലെ ജീവന്റെ നിലനിൽപ്പിന് ആധാരമായ മണ്ണും ജലവും ജൈവവൈ വിധ്യങ്ങളെയും സംരക്ഷിക്കുന്ന പദ്ധതി യായ സംയോജിത നീർത്തട പരിപാലന പരിപാടി (IWMP) 2012-13 വർഷത്തിൽ പുളിക്കീഴ് ബ്ലോക്കിൽ ആരംഭിച്ചു. ഈ പദ്ധതിയുടെ പ്രധാന ഭാഗമായ എൻട്രി പോയിന്റ് ആക്ടിവിറ്റിയിൽ ഉൾപ്പെടു ത്തി ബ്ലോക്കിലെ 5 ഗ്രാമപഞ്ചായത്തുക ളിൽ പല പ്രവർത്തനങ്ങളും തുടങ്ങി അതിന്റെ ഭാഗമായി പെരിങ്ങര ഗവ: ഗേൾസ് ഹൈസ്ക്കൂളിൽ 30 വർഷമായി തരിശു ഭൂമിയായി കിടന്നിരുന്ന 2 ഏക്കർ സ്ഥലം കൃഷി യോഗ്യമാക്കി എടുക്കാൻ ഈ പദ്ധതിയിലൂടെ സാധിച്ചു. ഇവിടു ത്തെ 2 ഏക്കറോളം സ്ഥലം വിവിധ കാർ ഷിക, വിളകളായ കപ്പ വാഴ, ചേമ്പ്, ചേന, ചീര, മത്തൻ, വെള്ളരി, പയർ, പടവലം, കോവൽ, പപ്പായ, കറിവേപ്പ്,

എന്നിവ നട്ടുപിടിപ്പിച്ചു കൂടാതെ ഫല വൃക്ഷങ്ങളായ മാവ്, പ്ലാവ്, നെല്ലി, സപ്പോട്ട, നാരകം, തെങ്ങ് എന്നിവയുടെ നിരയും ഉണ്ട്. യാതൊരു രാസവളവും ചേർക്കാതെ തികച്ചും ജൈവകൃഷിയിൽ വിളയിച്ച പച്ചക്കറികൾ ആണ് ഇവിടുത്തെ പ്രധാന ആകർഷണം. കരുത്തോടെ ചീരയും വെണ്ടയും കോവലും നിറഞ്ഞുനിൽക്കുന്നത് ആരുടെയും മനം കവരും. വിഷമയമില്ലാത്ത ഒരു പച്ചക്കറിയും നമുക്ക് ലഭ്യമല്ലെന്നിരിക്കെ വിഷം ചേർക്കാത്ത പച്ചക്കറി ഉൽപാദനം ഏറെ പ്രശംസനീയം തന്നെ ഇളക്കാതെ കിടക്കുന്ന മണ്ണിനെ കറിനാധ്വാനികളും സ്ഥിരോൽസാഹികളുമായ കുറെ ആൾക്കാരുടെ പ്രയത്നത്തിനു മുൻമ്പിൽ, കട്ടി പിടിച്ച് തരിശായി കിടന്ന ഭൂമി ഊർവരതയായി.ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഈപ്പൻ കുര്യന്റെ നേതൃത്വത്തിലുള്ള ഭരണസമിതി ഇതിന് ചുക്കാൻ പിടിക്കുന്നു. നല്ല നേതൃപാടവുമുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കെ.ജെ സുധാകരന്റെ നേതൃത്വത്തിലുള്ള വാട്ടർഷെഡ് ഡെവലപ്മെന്റ് ടീം, യൂസർഗ്രൂപ്പിന് ശരിയായ നേതൃത്വവും, എന്ത് സഹായവും ഏതു സമയത്തും നൽകാൻ സന്നദ്ധരായിരുന്നു. സ്ക്കൂൾ ഹെഡ്മിസ്ട്രസ് ആയ രാധ ഇവരുടെ എല്ലാ പ്രവർത്തനങ്ങൾക്കും സഹായഹസ്തവുമായി മുൻപിലുണ്ട് യൂസർഗ്രൂപ്പ് കൺവീനർ ആയ അമ്പിളിയുടെ നേതൃത്വത്തിലുള്ള യൂസർഗ്രൂപ്പിലെ അംഗങ്ങളാണ് ഈ വിജയത്തിനു പിന്നിൽ.

സാധാരണക്കാരായ കുട്ടികൾ ആണ് ഈ സ്ക്കൂളിലെ വിദ്യാർത്ഥികൾ. ഉച്ച ഭക്ഷണത്തിനുള്ള പച്ചക്കറികൾ മുഴുവനും ഈ തോട്ടത്തിൽ നിന്നും ലഭിക്കുന്നു. ഇവിടുത്തെ പച്ചക്കറികൾ ഉപയോഗിച്ച് ഉണ്ടക്കുന്ന സാമ്പാർ, അവിയൽ, എരിശ്ശേരി, തോരൻ എന്നിവ കൂട്ടി കുട്ടികൾ ഉച്ചഭക്ഷണം രുചിയോടെ കഴിക്കുമ്പോൾ നമ്മുടെ മനസ്സ് നിറയും. വിഷമില്ലാത്ത പച്ചക്കറി ആയതിനാൽ വിഭവങ്ങൾക്ക് രുചിയും പോഷകസമൃദ്ധിയും കൂടും. ബ്ലോക്കിൽനിന്നും വാട്ടർഷെഡ് ഡെവലപ്മെന്റ് ടീം അംഗങ്ങൾ നിരന്തരം സ്ക്കൂൾ സന്ദർശിക്കുകയും ശരിയായ വിധത്തിലുള്ള നിർദേശങ്ങൾ നൽകുകയും ചെയ്യുന്നത് യൂസർഗ്രൂപ്പിലെ അംഗങ്ങൾക്ക് വളരെ പ്രയോജനം ചെയ്യുന്നു.

**മധ്യതിരുവിതാംകൂറിലെ ഏറ്റവും രുചികരമായ വിഭവമായ മീൻ കറിയിൽ പ്രധാന ചേരുവ പുളിക്കീഴിലെ കുടംപുളിയാണ്. പെരിങ്ങര ഗ്രാമപഞ്ചായത്തിലെ പ്രിൻസ് മാർത്താണ്ഡവർമ്മയുടെ പേരിലുള്ള സ്ക്കൂൾ തിരുവിതാംകൂർ ചരിത്രവുമായി ഈ പ്രദേശത്തെ ബന്ധിപ്പിക്കുന്നു.**






കൂടാതെ നാട്ടുകാർ മാലിന്യങ്ങൾ ഇടാനായി ഉപയോഗിച്ചിരുന്ന കുളം ഈ പദ്ധതിയിൽ നവീകരിച്ച് ജലസേചനത്തിന് പ്രയോജനപ്പെടുത്തുന്നു. ഈ കുളത്തിൽ മീൻ വളർത്താൻ ഫിഷറീസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് പദ്ധതി വിജയ പഥത്തിലെത്തിക്കാൻ ആലോചിക്കുന്നുണ്ട്.

ഈ പ്രദേശത്ത് ശുദ്ധജലത്തിന് വളരെ ക്ഷാമമുള്ള തിനാൽ അമ്പതിനായിരം ലിറ്ററിന് മഴവെള്ളസംഭരണിയും ഐ. ഡബ്യ.എം.പിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട് കൂടാതെ പലതരത്തിലുള്ള ഔഷധസസ്യങ്ങളും ഇവിടെ വളരുന്നു. സംയോജിത നീർത്തട പരിപാലന പരിപാടി പൂർണ്ണ തോതിൽ നടപ്പിലാകുമ്പോൾ പുളിക്കീഴിന്റെ മുഖഛായ തന്നെ മാറും എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല.●

*പുളിക്കീഴ് ബ്ലോക്ക് ഓഫീസിലെ വനിതാ ക്ഷേമം എക്സ്റ്റൻഷൻ ഓഫീസറാണ് ലേഖിക*

# മലയോര വികസന പന്ഥാവിലേക്ക് പുത്തൻ ചുവടുവയ്പുകളുമായി ഹാഡ

ഡി. സരോജം

സഹ്യന്റെ താഴ്‌വാരങ്ങളിൽ പ്രത്യേകിച്ചും കേരളത്തിലെ മലനാട്ടിൽ കാർഷിക വൃത്തിയും, മൃഗപരിപാലനവുമായി ഉപജീവനം നടത്തുന്ന ഗ്രാമീണരാണ് ഏറെയും വസിച്ചു പോരുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം മലയോര പ്രദേശങ്ങളുടെ വികസനം വഴിമുട്ടി നിന്ന അവസ്ഥയിലാണ് പ്രദേശ വാസികൾക്ക് ആശ്വാസം പകർന്ന് മലയോര വികസന ഏജൻസി വികസന ലക്ഷ്യങ്ങളുമായി കടന്നുവന്നത്. ജനപ്രതിനിധികളും ഭരണാധികാരികളും ഉൾനാടൻ മലയോര പ്രദേശങ്ങളുടെ അവസ്ഥയിൽ ജാഗരൂകരായിരുന്നു എന്നതിന് തെളിവാണ് ഈ സർക്കാർ അധികാരത്തിലെത്തിയ ഉടൻ തന്നെ മലയോര വികസന ഏജൻസിക്ക് രൂപം നൽകി മലയോര മേഖലയുടെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചത്. ഗ്രാമ വികസന ആസൂത്രണ മന്ത്രി കെ.സി. ജോസഫ് അവർകളുടെ ദൃഢനിശ്ചയവും, ദീർഘവീക്ഷണവും മലയോര വികസന ഏജൻസി അഥവാ ഹാഡയുടെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. അടിസ്ഥാന സൗകര്യ വികസനമാണ് പ്രാഥമിക ഘട്ടത്തിൽ ഹാഡ ഊന്നൽ നൽകിയിട്ടുള്ളത്. പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതികൾ, റോഡുകൾ, ചെക്ക് ഡാമുകൾ തുടങ്ങിയവ സംസ്ഥാനത്തിന്റെ വിവിധങ്ങളായ മലയോര മേഖലകളിൽ പൂർത്തീകരിക്കുകയും പുരോഗമിച്ചുവരുകയുമാണ്.

ആലപ്പുഴ ഒഴികെയുള്ള വിവിധ ജില്ലകളിലായി 90 – ൽ അധികം ചെക്ക് ഡാമുകൾ ഇതിനോടകം കമ്മീഷൻ ചെയ്ത് പ്രദേശ വാസികൾക്ക് ആശ്വാസം പകർന്നു. കൃഷിക്കും മറ്റ് അനുബന്ധ ആവശ്യങ്ങൾക്കും ജലസേചനം നൽകുന്നതിലുപരി ഇത്തരം ചെക്ക് ഡാമുകൾ ഭൂഗർഭ ജലനിരപ്പ് താഴാതെ കാത്തുസൂക്ഷിക്കുന്നതിനും സഹായകരമായിട്ടുണ്ട്.

സമുദ്ര നിരപ്പിൽ നിന്ന് 600 മീറ്റർ ഉയരത്തിലുള്ള മലയോര പ്രദേശങ്ങളാണ് ഹാഡയുടെ പ്രവർത്തന മേഖലയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 25 ശതമാനമെങ്കിലും 600 മീറ്റർ കോണ്ടൂർ പ്രദേശങ്ങൾ വരുന്ന പഞ്ചായത്തുകളും നഗരസഭകളും ഹാഡയുടെ ഭാഗമായി വരുന്നു. വെസ്റ്റേൺ ഗാട്ട് ഡവലപ്പ്മെന്റ് പ്രോജക്ടിന്റെ പരിധിയിൽ വരുന്ന 561 ഗ്രാമപഞ്ചായത്തുകളാണ് ഇത്തരത്തിൽ മലയോര വികസന ഏജൻസിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മലയോര വികസന ഏജൻസി പദ്ധതി പ്രകാരം 2012–13 സാമ്പത്തിക വർഷം ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്കിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ 20 ലക്ഷം രൂപ ചെലവഴിച്ച് കർശനാട് മാമരത്തന ചെക്ക് ഡാം നിർമ്മിച്ചു.

കർശനാട് പ്രദേശം ഒരു മഴനിഴൽ



കർശനാട് മാമരത്തന ചെക്ക് ഡാം



പ്രദേശമാണ്. കേരളത്തിൽ നിന്നും ഉത്ഭവിച്ച് തമിഴ് നാട്ടിലേക്ക് ഒഴുകുന്ന പമ്പാർ നദിയുടെ പോഷക നദിയായ തീർത്ത മല ആറിലാണ് ഈ ചെക്ക് ഡാം പണി കഴിപ്പിച്ചിട്ടുള്ളത്. പട്ടികജാതി പട്ടികവർഗ്ഗക്കാർ ഉൾപ്പെടെ 173 കുടുംബങ്ങൾക്ക് വീട്ടാവശ്യത്തിനും, കൃഷിക്കായും ഇത് പ്രയോജനപ്പെടുന്നു. ഏകദേശം 44 ഹെക്ടർ സ്ഥലത്ത് കരിമ്പ്, നെല്ല്, പച്ചക്കറി, കുരുമുളക്, കവുങ്ങ് തുടങ്ങിയ വിളകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. ധാരാളം ജലം ശേഖരിക്കാൻ കഴിയുന്ന ഈ ചെക്ക്ഡാം പ്രദേശവാസികൾക്ക് ഒരു അനുഗ്രഹമാണ്.

കേരള സംസ്ഥാനത്തിന്റെ കിഴക്കേ ഭാഗത്തായി സ്ഥിതി ചെയ്യുന്നതും തമിഴ്നാടിനോട് തൊട്ട് കിടക്കുന്നതുമായ ദേവികുളം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് ഭൂമിശാസ്ത്ര പരമായും, സംസ്ക്കാരികമായും, കാർഷിക സമൃദ്ധിയാലും കേരളത്തിലെ മറ്റു പ്രദേശങ്ങളിൽ നിന്നും വിഭിന്നമാണ്. കൊടുമുടികളും, കിഴ്ക്കാംതുക്കായ പാറകളും, കുന്നുകളും, താഴ്വരകളും, ചെറിയ സമതലങ്ങളും നിറഞ്ഞ ഭൂപ്രകൃതിയുള്ള കാന്തല്ലൂർ വിസ്തൃതമായ വനപ്രദേശമുള്ള പഞ്ചായത്താണ്. പഞ്ചായത്തിന്റെ 85% വും കുന്നിൻ പ്രദേശങ്ങളാണ്. സമുദ്ര നിരപ്പിൽ നിന്ന് 3500 മുതൽ 8500 അടിവരെ ഉയരത്തിലുള്ള പ്രദേശങ്ങൾ വരെ ഇവിടെയുണ്ട്. കാരറ്റ്, ബീറ്റ്റൂട്ട്, കാബേജ്, വെളുത്തുള്ളി എന്നീ ശീതകാല പച്ചക്കറികളും ആപ്പിൾ, ഓറഞ്ച്, പ്ലം, ചെറി തുടങ്ങിയ ഫല വർഗ്ഗങ്ങളും കൃഷി ചെയ്യുന്ന കേരളത്തിലെ അപൂർവം പഞ്ചായത്തുകളിൽ ഒന്നാണ് കാന്തല്ലൂർ. പ്രസിദ്ധമായ മറയൂർ ശർക്കര ഏറിയ പങ്കും കാന്തല്ലൂർ കരിമ്പ് കൃഷിയിൽ നിന്നാണ്




മാമ്പഴത്തറ ചെക്ക് ഡാം – വേനൽകാല ദൃശ്യം

ഉല്പാദിപ്പിക്കുന്നത്. ഇവിടത്തെ ജനങ്ങൾ ശുദ്ധ ജലത്തിനായി പൂർണ്ണമായും ആശ്രയിക്കുന്നത് പ്രകൃതിദത്ത നീരൊഴുക്കുകളെയാണ്. ഇങ്ങനെ പ്രകൃതി അനുഗ്രഹിച്ചരുളിയ കാന്തല്ലൂർ ഗ്രാമ പഞ്ചായത്തിന് മലയോര വികസന ഏജൻസി നിർമ്മിച്ചു നൽകിയ മാമരത്തന ചെക്ക്ഡാം പരിസ്ഥിതിയോട് ഇണങ്ങിച്ചേർന്നു നിൽക്കുന്നു.

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്കിൽ ഉൾപ്പെട്ട മാമ്പഴത്തറ ചെക്കുഡാം തെൻമല ഗ്രാമപഞ്ചായത്തിലെ മറ്റൊരു പദ്ധതിയാണ്. ഭൂപ്രകൃതിയനുസരിച്ച് മലനാട് ഭൂവിഭാഗത്തിൽപെട്ട തെൻമലയിൽ 75 മീറ്റർ മുതൽ 900 മീറ്റർ വരെ ഉയരമുള്ള കുന്നുകളും, മലകളും കാണാം. പാണ്ഡ്യരാജാക്കൻമാരുടെ ഭരണകാലത്തു നിർമ്മിച്ച മാമ്പഴത്തറ ക്ഷേത്രം തെൻമലയിലെ പുരാതന ആരാധനാലയം എന്നതിനൊപ്പം ചരിത്രപരമായ പ്രസിദ്ധിയും പേറുന്നു. സാന്ദ്രരഹിതമായ സസ്യപ്രകൃതിയും ജൈവവൈവിധ്യവും ഈ പ്രദേശത്തിന്റെ സവിശേഷതകളാണ്. പ്രധാനമായും ചെമ്മണ്ണും കളിമണ്ണും കലർന്ന എക്കൽ മണ്ണ് ഈ പ്രദേശത്തെ സമൃദ്ധമാക്കുന്നു. ആദിവാസി സങ്കേതങ്ങൾ ഉൾപ്പെടെ ഈ പ്രദേശത്തിന്റെ ഇരു വശങ്ങളും വന മേഖലയാണ്. തെ ലയിൽ നിന്നും ഏകദേശം 20 കി.മി. അകലെയായി സ്ഥിതി ചെയ്യുന്ന മാമ്പഴത്തറയിൽ എത്തിച്ചേരാൻ ഗതാഗത സൗകര്യം വളരെ കുറവാണ്. തോട്ടം മേഖലയിലെ നിരവധി തൊഴിലാളി കുടുംബങ്ങളും ഒരു പട്ടിക വർഗ്ഗ കോളനിയും ഇവിടെ ഉണ്ട്. ഇവരുടെ പ്രധാന കുടിവെള്ള സ്രോതസ്സുകൾ പ്രകൃതിദത്ത നീരൊഴുക്കുകളും പ്രദേശത്തുണ്ടായിരുന്ന 3 ജലസംഭരണികളുമാണ്. നാടൻകുരങ്ങ്, കാട്ടുപോത്ത്, മ്ലാവ്, കേഴമാൻ, കലമാൻ, കൂരൻ, കാട്ടുപന്നി, മുള്ളൻ പന്നി, ആന, കുറുക്കൻ, കരടി, വെരുക്, മരപ്പട്ടി, കീരി, അളുങ്ക് തുടങ്ങി വൈവിധ്യങ്ങളായ വന്യമൃഗങ്ങൾ ഈ ജലസ്രോതസ്സുകളെയാണ് ആശ്രയിച്ചിരുന്നത്. ഈ സാഹചര്യത്തിലാണ് മലയോര വികസന ഏജൻസി 2013 –14 സാമ്പത്തിക വർഷം ഉൾപ്പെടുത്തി ഇവിടെ 6 ലക്ഷം രൂപ ചെലവിട്ട് മാമ്പഴത്തറ ചെക്ക് ഡാം നിർമ്മിച്ചത്.






അമ്പനാട് മലനിരകളിൽ നിന്നും ഉത്ഭവിച്ച് ഈ പ്രദേശത്തുകൂടി കടന്നു പോകുന്ന ഒരു ചെറുനദിയിൽ ആണ് ഈ ചെക്ക് ഡാം നിർമ്മിച്ചിരിക്കുന്നത്. മാമ്പഴത്തറ ചെക്ക് ഡാമിന്റെ നിർമ്മാണം പ്രദേശവാസികൾക്കും അതുപോലെ തന്നെ വന്യമൃഗസഞ്ചയത്തിനും അവരുടെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കാൻ ഏറെ പ്രയോജനപ്രദമായി തീർന്നിരിക്കുന്നു.

ജലദൗർലഭ്യം കാരണം ഉപയോഗിക്കപ്പെടാതെ കിടന്നിരുന്ന ജലസംഭരണികളെ മലയോരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി, അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെക്ക് ഡാം നിർമ്മിച്ചതോടെ ജലസമൃദ്ധമാവുകയും പ്രവർത്തനം പുനരാരംഭിയ്ക്കുകയും ചെയ്തുകഴിഞ്ഞു. ജല സംഭരണികളിൽ പമ്പിംഗ് ആരംഭിച്ചതോടെ പ്രദേശവാസികളുടെ കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെട്ടുക്കഴിഞ്ഞിരിക്കുന്നു. അതോടൊപ്പം പ്രദേശത്തെ കാർഷികാഭിവൃദ്ധിയ്ക്കും പ്രദേശവാസികളായ കുട്ടികളുടെ നീന്തൽ പരിശീലനത്തിനും ഈ ചെക്ക് ഡാം വളരെയേറെ പ്രയോജനപ്പെടുന്നു.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്കിലെ ഒരു മലയോര കർഷക ഗ്രാമമാണ് ചക്കിട്ടപ്പാറ. വർഷങ്ങക്ക് മുമ്പ് വന്യമൃഗങ്ങൾ വിഹരിച്ചിരുന്ന ഈ പ്രദേശം കുടിയേറ്റ കർഷകരുടെ അദ്ധ്വാനഫലമായി കനകം വിളയുന്ന ഭൂമിയായി മാറി. സമുദ്ര നിരപ്പിൽനിന്ന് വളരെ ഉയർന്നുനിൽക്കുന്ന ചക്കിട്ടപ്പാറ പഞ്ചായത്ത് തെക്ക് പടിഞ്ഞാറോട്ട് ചരിഞ്ഞാണ് സ്ഥിതിചെയ്യുന്നത്. 2012-13 സാമ്പത്തികവർഷത്തിൽ ഒറ്റത്തവണ കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി മലയോര വികസന ഏജൻസി ചക്കിട്ടപാറ ഗ്രാമ പഞ്ചായത്തിൽ സീതപ്പാറകുടിവെള്ള പദ്ധതി ആവിഷ്കരിച്ചു.

ചക്കിട്ടപാറ ഗ്രാമ പഞ്ചായത്തിലെ 400 ൽ പരം ഗുണഭോക്താക്കൾ (150 ഓളം കുടുംബങ്ങൾ) താമസിക്കുന്നതും കുടിവെള്ളക്ഷാമം രൂക്ഷമായതുമായ മുതുകാട് ഭാഗത്ത് കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. സീതപാറ അരുവിയിലെ നിലവിലുള്ള ചെക്ക്ഡാമിൽ നിന്നും മെയിൻപൈപ്പ്, വിതരണ പൈപ്പ് എന്നിവ സ്ഥാപിച്ച് പൊതു സ്ഥലങ്ങളിൽ കുടിവെള്ളമെത്തിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. 13-05-2013 പ്രവൃത്തി ആരംഭിച്ച പദ്ധതി 30-8-2013 നകം തൃപ്തികരമായി പൂർത്തീകരിച്ചു. എസ്റ്റിമേറ്റിൽ 150 കുടുംബങ്ങൾക്ക് വെള്ളം ലഭിക്കുന്ന വിധത്തിൽ 40 പൊതു ടാപ്പുകളുള്ള 4700 മീറ്ററാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും 110 കുടുംബങ്ങളെ കൂടി ഗുണഭോക്തൃകമ്മിറ്റിയുടെ തീരുമാനപ്രകാരം ഉൾപ്പെടുത്തി 71 പൊതുടാപ്പുകൾ സ്ഥാപിച്ച് മുഴുവൻ ഗുണഭോക്താക്കൾക്കും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു. ഇതു വഴി ലഭ്യമായി ഫണ്ടിന്റെ പ്രയോജനം പരമാവധി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനായിട്ടുണ്ട്. വൈദ്യുതിയോ വൈദ്യുതമോട്ടോറോ ഉപയോഗിക്കാതെ ഭൂമിയുടെ ഗുരുത്വാകർഷണബലം മാത്രം ആധാരമാക്കി പ്രവർത്തിക്കുന്ന പദ്ധതിയാണ് സീതപ്പാറ കുടിവെള്ള പദ്ധതി. വൈദ്യുതി പാഴാക്കുകയോ ജലസ്രോതസ്സ് മലിനപ്പെടുത്തുകയോ ചെയ്യുന്നില്ല. പാരിസ്ഥിതിക വിവേകമുള്ള വികസനത്തിന് ഏറ്റവും അനുയോജ്യമായ രീതിയാണ് ഇവിടെ അവലംബിച്ചിട്ടുള്ളത്. പട്ടികജാതി, പട്ടികവിഭാഗക്കാർ ഉൾപ്പെടെ ഏകദേശം 400 ഗുണഭോക്താക്കൾ ഈ പദ്ധതിയിലൂടെ കുടിവെള്ളം ഉപയോഗിക്കുന്നു. മലയോര വികസന ഏജൻസി ഇതുവരെ പൂർത്തീകരിച്ചിട്ടുള്ള 36 കുടിവെള്ള പദ്ധതികളിൽ വ്യത്യസ്തത പുലർത്തുന്ന ഒന്നാണ് സീതപ്പാറ കുടിവെള്ള പദ്ധതി.

ഏതൊരു പ്രദേശത്തിന്റെയും വികസനത്തിന്റെ അടിസ്ഥാനം സഞ്ചാരയോഗ്യമായ റോഡുകളാണ്. ഈ വസ്തുത മുൻനിറുത്തിയാണ് മലയോരവികസനത്തിൽ റോഡുനിർമ്മാണത്തിനും നിലവിലുള്ളവ സഞ്ചാരയോഗ്യമാക്കാനും മലയോരവികസന ഏജൻസി ഊന്നൽ നല്കിയിരിക്കുന്നത്. ഇതുവരെ 24 റോഡുകൾ മലയോര വികസന ഏജൻസിയുടെ പദ്ധതിയിൽപ്പെടുത്തി പൂർത്തീകരിച്ചു.

ഇടുക്കി ജില്ലയിലെ പളളിവാസൽ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള കൂമ്പൻപാറ - മുസ്ലീം പള്ളിപ്പടി റോഡ് പ്രദേശവാസികൾക്കും സഞ്ചാരികൾക്കും ഏറെ ഉപകാരപ്രദമാണ്. വിനോദ സഞ്ചാര മേഖലകളായ മൂന്നാർ, മാങ്കുളം, വിരിഞ്ഞപാറ, കല്ലാട് തുടങ്ങിയ സ്ഥലങ്ങളിലേക്കും ഹൈറേഞ്ചിന്റെ പ്രധാന വ്യാപാര മേഖലയായ അടിമാലിയിലേക്കും എത്താനുള്ള എളുപ്പ മാർഗ്ഗ








കണ്ണൂർ ജില്ല തളിപ്പറമ്പ് ബ്ലോക്കിലെ പഴം, പച്ചക്കറി വികസന പദ്ധതി.

മാണ് ഈ റോഡ്.

അടിമാലി - മൂന്നാർ ദേശീയപാതയേയും എട്ടേക്കർ റോഡിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന കൂമ്പൻപാറ - മുസ്ലീം പള്ളിപ്പടി റോഡ് ഹാഡ പദ്ധതി പ്രകാരം 2013 - 14 സാമ്പത്തിക വർഷം 10 ലക്ഷം ചെലവഴിച്ചാണ് സഞ്ചാരയോഗ്യമാക്കിയത്. പ്ലാമലക്കുടി, കൊടകല്ലൂർ, കൊരങ്ങാട്ടി എന്നീ ആദിവാസി സെറ്റിൽമെന്റ് നിവാസികൾക്ക് എളുപ്പത്തിൽ അടിമാലിയിൽ എത്തിച്ചേരാൻ ഈ മാർഗ്ഗം ഉപകരിക്കുന്നു. കല്ലാർ, കുരിശുപാറ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഈ പാത സുഗമമായ യാത്രാ സൗകര്യം പ്രദാനം ചെയ്യുന്നു.

അടിസ്ഥാന സൗകര്യ വികസനത്തിനു പുറമേ ദാരിദ്ര്യ നിർമ്മാർജന പരിപാടികളും, പഴം പച്ചക്കറി കൃഷി, തീറ്റപ്പുൽ കൃഷി, ക്ഷീര വികസന പ്രവർത്തനങ്ങൾ എന്നിവയും നടപ്പിലാക്കാൻ ഉതകുന്ന പദ്ധതികളാണ് മലയോര വികസന ഏജൻസി ആവിഷ്കരിച്ചിട്ടുള്ളത്. പച്ചക്കറികളും പഴവർഗ്ഗങ്ങളും സമൃദ്ധമായി വളരാനുതകുന്ന പരിതസ്ഥിതികളാണ് മിക്ക മലയോര പ്രദേശങ്ങളിലും ഉള്ളത്. ഈ വസ്തുത മുൻനിറുത്തിയാണ് ഒരു തുടർ പരിപാടി എന്ന നിലയിൽ ഹാഡ പഴം പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. വിഷരഹിത പച്ചക്കറികളുടെ ഉല്പാദനവും വിതരണവുമാണ് പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ബ്ലോക്ക് തല ഏകോപന പ്രവർത്തനങ്ങളിലൂടെയാണ് പച്ചക്കറികൾ ഉല്പാദിപ്പിക്കുകയും സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നത്.

മലയോരവികസന ഏജൻസി പഴം പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 26 ലക്ഷം രൂപ വീതം തെരഞ്ഞെടുത്ത ബ്ലോക്കുകൾക്ക് അനുവദിക്കുകയുണ്ടായി. മഴക്കാലത്ത് പച്ചക്കറി സമൃദ്ധമായി ഉല്പാദിപ്പിക്കുന്നതിന് കണ്ടെത്തിയ മഴമറ ഉപയോഗിച്ചുള്ള സംരക്ഷിത കൃഷിക്കാണ് ഇവിടെ തുടക്കം കുറിച്ചത്.

മലയോരവികസന ഏജൻസി ആവിഷ്കരിച്ച മറ്റൊരു വികസന പദ്ധതിയാണ് സഹ്യശ്രീ. ഈ നൂതന പദ്ധതിയിലൂടെ മലയോര മേഖലകളിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും ദാരിദ്ര്യം നിർമ്മാർജനം ചെയ്യുന്നതിനും ഹാഡ ലക്ഷ്യം വയ്ക്കുന്നു. ഒരു സ്വയം തൊഴിൽ പദ്ധതിയായ സഹ്യശ്രീ യിലൂടെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഭക്ഷ്യസംസ്കരണം, മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം, ആയുർവ്വേദ മരുന്നു നിർമ്മാണം തുടങ്ങിയ സംരംഭങ്ങൾക്ക് മുൻഗണന നൽകുന്നു. സ്വയം സഹായ സംഘങ്ങൾ വഴിയാണ് സഹ്യശ്രീ പദ്ധതി നടപ്പാക്കുന്നത്. സംഘത്തിൽ ഉൾപ്പെട്ട ഒരംഗത്തിന് പരമാവധി 15,000 വരെയുള്ള സബ്സിഡി തുക ഈ പദ്ധതിയിലൂടെ ലഭ്യമാക്കുകയാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ സബ്സിഡിക്ക് അർഹരായിരിക്കുമ്പോൾ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്ക് വായ്പാ സൗകര്യങ്ങളും ലഭ്യമാക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ജനജാഗ്രതാ സമിതികളും, സ്വാശ്രയ സംഘങ്ങളും മലയോര വികസന ഏജൻസിയുമായി കൈകോർക്കുമ്പോൾ മലനാടിന്റെ വികസന സ്വപ്നങ്ങൾക്ക് ചിറകു മുളക്കുകയാണ്. കേരളത്തിന്റെ വിദൂരസ്ഥങ്ങളായ മലയോര ഗ്രാമങ്ങളുടെ ഉൾത്തുടിപ്പുകൾക്ക് വെളിച്ചമേകി അവയെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടു വരികയാണിവിടെ. ഒരു വിളിപ്പാടകലെ എത്തിനിൽക്കുന്ന മലയോരവികസന സാക്ഷാത്കാരത്തിനായി പരിപാടികളും, പദ്ധതികളുമായി മുന്നോട്ടുപോകുകയാണ് മലയോരവികസന ഏജൻസി. സാധ്യതകൾ കണ്ടറിഞ്ഞ് പങ്കാളികളായി ഗവൺമെന്റ് സഹായങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക.●

*തിരുവനന്തപുരം വഴുതക്കാട് മലയോര വികസന ഏജൻസിയിലെ പ്രോഗ്രാം ഓഫീസറാണ് ലേഖിക*

# എന്താണ് ഇ – ഗ്രം

**പഞ്ചായത്തിലെ കുടുംബങ്ങളുടെ എല്ലാ വിവരങ്ങളും ശേഖരിച്ചു സൂക്ഷിക്കുവാനും അവ അവലോകനം ചെയ്യുവാനും ഇ – ഗ്രാം പ്രാപ്തമാണ്. ഇ – ഗ്രാമിലൂടെ ജനസാന്ദ്രത, സ്ത്രീ – പുരുഷ അനുപാതം, സാക്ഷരതാ നിരക്ക്, സാങ്കേതിക വിദ്യാ പര്യാപ്തത. ശുദ്ധജല ലഭ്യത, വൈദ്യുതി, ജീവിത നിലവാരം, തൊഴിലില്ലായ്മ, ശുചിത്വം എന്ന് തുടങ്ങി ജനജീവിതത്തിന്റെ നാനാമേഖലകളെയും സൂക്ഷ്മമായി വിശകലനം നടത്തുവാനും ഇ – ഗ്രാം മുഖേന സാധിക്കും.**



കേരളത്തിലെ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നിർമ്മിച്ച ക്ലൗഡ് ബേസ്ഡ് സോഫ്റ്റ് വെയർ ആണ് ഇ-ഗ്രാം. പഞ്ചായത്തിലെ കുടുംബങ്ങളുടെ എല്ലാ വിവരങ്ങളും ശേഖരിച്ചു സൂക്ഷിക്കുവാനും അവ അവലോകനം ചെയ്യുവാനും ഇ - ഗ്രാം പ്രാപ്തമാണ്. ഇ -ഗ്രാമിലൂടെ ജനസാന്ദ്രത, സ്ത്രീ - പുരുഷ അനുപാതം, സാക്ഷരതാ നിരക്ക്, സാങ്കേതിക വിദ്യാ പര്യാപ്തത. ശുദ്ധജല ലഭ്യത, വൈദ്യുതി, ജീവിത നിലവാരം, തൊഴിലില്ലായ്മ, ശുചിത്വം എന്ന് തുടങ്ങി ജനജീവിതത്തിന്റെ നാനാമേഖലകളെയും സൂക്ഷ്മമായി വിശകലനം നടത്തുവാനും ഇ-ഗ്രാം മുഖേന സാധിക്കും. പഞ്ചായത്തുകളെ ആധുനികവത്ക്കരണത്തിന്റെ പ്രതീകമാക്കുകയും പ്രാഥമിക സേവനങ്ങളെ സുതാര്യവും കാര്യക്ഷമമായി വേഗത്തിൽ ജനങ്ങളിലേക്ക് എത്തിക്കുകയുമാണ് ഇ-ഗ്രാമിന്റെ ലക്ഷ്യം.

### എന്തുകൊണ്ട് ഇ – ഗ്രാം

ഇന്ത്യയിലെ ജനസംഖ്യയിൽ ഭൂരിഭാഗവും അധിവസിക്കുന്നത് ഗ്രാമങ്ങളിലാണ്. ഏകദേശം 2,39,081 ഗ്രാമപഞ്ചായത്തുകൾ വില്ലേജ് തലത്തിലും 6,321 ഇന്റർമീഡിയറ്റ് പഞ്ചായത്തുകൾ ബ്ലോക്ക് തലത്തിലും, 529 ജില്ലാ പഞ്ചായത്തുകൾ ജില്ലാതലത്തിലുമുണ്ട്. പഞ്ചായത്തുകൾ വികേന്ദ്രീകരണ ഭരണത്തിന്റെയും ജനാധിപത്യത്തിന്റെയും അടിവേരാണ്. പഞ്ചായത്തുകളുടെ അടിസ്ഥാന വിവരങ്ങൾ ഏതൊരു ഭരണകൂടത്തിനും അത്യന്താപേക്ഷിക ഘടകമാണ്. ഇതില്ലാതെ ഒരു ഭരണകൂടത്തിനും സുഗമമായി പ്രവർത്തിക്കുവാൻ സാധ്യമല്ല. പഞ്ചായത്തുകൾക്ക കംപ്യൂട്ടറുകളിൽ ഡിജിറ്റലായി ശേഖരിച്ചിട്ടുള്ള ഈ വിവരങ്ങൾ ലഭ്യമല്ല എന്ന് മാത്രമല്ല, കടലാസുകളിൽ മാത്രം സൂക്ഷിച്ചുവരുന്ന ഇവ അവലോകനം ചെയ്യുവാൻ അസാധ്യവുമാണ്. ഇ-ഗ്രാം ഈ വിവരങ്ങൾ ക്ലൗഡിൽ സൂക്ഷിക്കുന്നത് വഴി പഞ്ചായത്തിന്റെ എല്ലാ വിവരങ്ങളും സുഗമമായി ലഭിക്കുകയും മേൽപ്പറഞ്ഞ് ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയും ചെയ്യുന്നു. ഇ-ഗ്രാമിന്റെ പ്രകൃത്യാലുള്ള സംവിധാനം മുഖേന വിവരങ്ങൾ അവലോകനം ചെയ്ത് പഞ്ചായത്തുകളുടെ നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കുവാൻ സഹായിക്കുകയും കൂടാതെ ബജറ്റ് രൂപീകരണത്തിന് സഹായിക്കുകയും ചെയ്യും. ഇ-ഗ്രാമിൽ ഉൾപ്പെ



**പഞ്ചായത്തുകളിലെ ജനങ്ങളുടെയും അവരുടെ കുടുംബങ്ങളുടെയും എല്ലാ വിവരങ്ങളും ഓൺലൈൻ അഥവാ ക്ലൗഡിൽ സൂക്ഷിക്കുന്നതിനാൽ പ്രാദേശികമായി വിവരങ്ങൾ സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ബുദ്ധിമുട്ടും ചിലവും ഒഴിവാകുന്നു. ഈ വിവരങ്ങൾ യൂസർ നെയിമും പാസ് വേർഡും ഉപയോഗിച്ച് ലോകത്ത് എവിടെ നിന്ന് വേണമെങ്കിലും പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് ഒരു മൗസ് ക്ലിക്കിൽ ലഭ്യമാകും.**

ടുത്തുന്ന വിവരങ്ങൾ പ്രഥമമായും ലഭിക്കുന്നത് സർവ്വേ മുഖേനയാണ്. ആയതിനാൽ ഒന്നിലധികം സർവ്വേകൾ ഇ ഗ്രാമിൽ സൂക്ഷിക്കുവാനും ഇവയുടെ തരം തിരിച്ചുള്ള തനതുനില കണ്ടെത്തുവാനും ഇ-ഗ്രാമിന് കഴിയും. ഇ-ഗ്രാം ആരോഗ്യം, കാർഷികം, വിദ്യാഭ്യാസം, സാംസ്കാരികം, സാമൂഹികം എന്നിങ്ങനെ ഏതു മേഖലകളിലും ഉപയോഗിക്കാവുന്നതാണ്. കൂടാതെ ഇ-ഗ്രാമിനെ പ്രാദേശിക ബ്ലഡ് ബാങ്ക് ആയോ ഫോൺ നമ്പർ, അഡ്രസ്, ഇ മെയിൽ, ആധാർ കാർഡ് നമ്പർ മുതലായ അടിസ്ഥാന വിവരങ്ങളടങ്ങിയ ഡയറക്ടറി ആയോ ഉപയോഗിക്കാം.

### ജനങ്ങളിലേക്ക് വേഗത്തിൽ

ആയിരക്കണക്കിന് ജനങ്ങളുള്ള പഞ്ചായത്തുകളിൽ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്നുള്ളത് വളരെ ബുദ്ധിമുട്ടുളവാക്കുന്ന പ്രക്രിയയാണ്. ഞങ്ങളുടെ ഗവേഷണങ്ങളിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചത് കേരളത്തിലെ മൊബൈൽ ഫോൺ വ്യാപ്തി മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതൽ ആണെന്നാണ്. ഇത് മുതലെടുത്ത് ഇ-ഗ്രാമിൽ മലയാളത്തിൽ എസ് എം എസ് സംവിധാനവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ സേവനങ്ങളും ആനുകൂല്യങ്ങളും സമയബന്ധിതമായി ജനങ്ങളിലേക്ക് എത്തിക്കുവാൻ ഇത് സഹായകമാകും. കൂടാതെ ഏതൊരു പൗരന്റെയും പേരോ, മേൽവിലാസമോ, ഇ മെയിലോ, ആധാർ കാർഡ് നമ്പറോ എന്നുവേണ്ട ഏതൊരു കാര്യവും പ്രാഥമിക വിവരത്തിന്റെ അടിസ്ഥാനത്തിൽ തേടി കണ്ടെത്തുവാനും എസ് എം എസ് അയക്കുവാനും സഹായിക്കും. കുടിശ്ശിക അടച്ച രസീതായും കുടിശ്ശിക അടയ്ക്കാനുള്ള അറിയിപ്പായും സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാനുള്ള സംവിധാനമായും ഇത് ഉപയോഗിക്കാവുന്നതാണ്.

### സുരക്ഷയും വിവരങ്ങളുടെ ലഭ്യതയും

പഞ്ചായത്തുകളിലെ ജനങ്ങളുടെയും അവരുടെ കുടുംബങ്ങളുടെയും എല്ലാ വിവരങ്ങളും ഓൺലൈൻ അഥവാ ക്ലൗഡിൽ സൂക്ഷിക്കുന്നതിനാൽ പ്രാദേശികമായി വിവരങ്ങൾ സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ബുദ്ധിമുട്ടും ചിലവും ഒഴിവാകുന്നു. ഈ വിവരങ്ങൾ യൂസർ നെയിമും പാസ് വേർഡും ഉപയോഗിച്ച് ലോകത്ത് എവിടെ നിന്ന് വേണമെങ്കിലും പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് ഒരു മൗസ് ക്ലിക്കിൽ ലഭ്യമാകും. ഈ-ഗ്രാമിൽ വിവിധ തലത്തിലുള്ള സുരക്ഷാ സംവിധാനമുള്ളതിനാൽ ഈ വിവരങ്ങൾ നഷ്ടപ്പെടാതെ വളരെ സുരക്ഷിതമായി സൂക്ഷിക്കുവാൻ സാധിക്കും.

### സംയുക്ത സെർച്ച്

ഇ-ഗ്രാമിലെ 'സംയുക്ത സെർച്ച്' സംവിധാനം ഒന്നിലധികം ഘടകങ്ങളെ സംയുക്തമായോ തനിച്ചോ തിരയുവാൻ സഹായിക്കും. ഉദാഹരണത്തിനായി "20-40 വയസ്സിനിടയിൽ പ്രായമുള്ള തൊഴിൽ രഹിതരും പിന്നോക്ക സമുദായത്തിലുള്ള കമ്പ്യൂട്ടർ പരിജ്ഞാനമുള്ള സ്ത്രീകളെ കണ്ടെത്തുക" എന്ന തിരിച്ചിലും 'പ്രായവ്യത്യാസമന്യേ വികലാംഗർ" എന്ന തിരിച്ചിലും ഇ-ഗ്രാമിൽ നിഷ്പ്രയാസം നടത്തുവാൻ കഴിയും

### വിവരങ്ങളുടെ നിരീക്ഷണം

വിവരങ്ങളുടെ നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കാനുള്ള സംവിധാനവും ഇ-ഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇ -ഗ്രാമിൽ പുതിയ ഒരു വിവരം ഉൾപ്പെടുത്തുകയോ നീക്കം ചെയ്യുകയോ, തിരുത്തുകയോ ചെയ്താൽ ഇവ ആരാണ് ചെയ്തതെന്നും എപ്പോഴാണ് ചെയ്തതെന്നും ഇ-ഗ്രാം നിരീക്ഷിക്കും. ഇങ്ങനെയുള്ള എല്ലാ പദ്ധതികളുടെ വിവരങ്ങളും ഇ-ഗ്രാമിൽ സൂക്ഷിക്കുന്നതിനാൽ 'ഡാറ്റാ എൻട്രി" പോലുള്ള പ്രക്രിയകൾ സുഗമമാക്കാൻ ഇ-ഗ്രാമിന് കഴിയും.

### ഗുണഭോക്താക്കൾ

പൊലീസ്, ആരോഗ്യം, നിയമം, കാർഷികം, വിദ്യാഭ്യാസം തുടങ്ങിയ ഏതൊരു സർക്കാർ സ്ഥാപനത്തിലും ഈ വിവരങ്ങൾ ഉപയോഗിക്കുകയും ഇതുവഴി ഭരണം മെച്ചപ്പെടുത്തുകയും പിന്നോക്കം നിൽക്കുന്ന മേഖലകളെ കണ്ടെത്തി പുനർജ്ജീവിപ്പിക്കുകയും ചെയ്യുന്നതിന് ഇ-ഗ്രാം ഭരണസമിതിയെ പ്രാപ്തമാക്കും. ശരിയായ ആസൂത്രണം നടത്തി വികസനത്തിനുള്ള പദ്ധതിവിഹിതം കാര്യക്ഷമമായും ഗുണപരമായും വിനിയോഗിക്കുവാൻ പഞ്ചായത്തുകളെ ഇ-ഗ്രം സജ്ജമാക്കും.

### ഓൺലൈൻ അപ്ഡേഷൻ

ഓൺലൈൻ അപ്ഡേഷൻ സംവിധാനം ഉള്ളതിനാൽ പുതുക്കിയ സോഫ്റ്റ് വെയർ പാക്കേജുകൾ തനിയെ ഡൗൺലേഡ് ചെയ്യുവാനും സ്വയം ഇൻസ്റ്റോൾ ചെയ്യുവാനും ഇ-ഗ്രാമിന് കഴിയും.●



# മഴക്കാല രോഗങ്ങൾ

ഡോ. എ എം ഖാദർ

എല്ലാകാലത്തും കാണപ്പെടുന്നതും എന്നാൽ മഴക്കാലത്ത് കൂടുതലായി ഉണ്ടാകുന്നതുമായ രോഗങ്ങളെ മഴക്കാല രോഗങ്ങളുടെ നിർവ്വചനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. പ്രധാനമായും വൈറസ്, ബാക്ടീരിയ എന്നീ അണുജന്യരോഗങ്ങളാണ് മഴക്കാല രോഗങ്ങളിൽ കൂടുതലും.

## ഇൻഫ്ളുവൻസ അഥവാ ജലദോഷം


വൈറസ് ബാധ മൂലമുണ്ടാകുന്ന ഈ രോഗത്തിന്റെ ലക്ഷണങ്ങൾ തുമ്മൽ, മൂക്കടപ്പ് നേരിയ തോതിലുള്ള പനി, ശരീരവേദന എന്നിവയാണ്. ഇത് മറ്റുള്ളവരിലേക്ക് എളുപ്പം പകരാവുന്നതാണ്. ജലദോഷമുള്ളവർ തുമ്മുമ്പോൾ തൂവാല കൊണ്ടോ ടിഷ്യു പേപ്പർ കൊണ്ടോ മൂക്കും വായും പൊത്തിപ്പിടിക്കുന്നത് നന്ന്. ശരിയായ വിശ്രമവും ആവശ്യത്തിന് മാത്രമുള്ള മരുന്നുപയോഗവും കൊണ്ട് മൂന്നോ നാലോ ദിവസങ്ങൾക്കുള്ളിൽ ഈ രോഗം നിയന്ത്രണ വിധേയമാക്കാം.

## വൈറൽ ഫീവർ

പലതരം വൈറസ് കൊണ്ടുണ്ടാകുന്ന ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ ശക്തിയായ ശരീരവേദന പനി തലവേദന ക്ഷീണം തലകറക്കം എന്നിവയാണ്. ചിലർക്ക് ഛർദിയും വയറിളക്കവും കൂടെയുണ്ടാകാം. ഇതിനെ വൈറൽ ഗാസ്ട്രോ എന്ററൈറ്റിസ് വിഭാഗത്തിൽപ്പെടുത്താം. ആന്റിബയോട്ടിക്കുകൾ പ്രധാനമായും ബാക്ടീരിയ അണുബാധയ്ക്കെതിരെയുള്ളതാണെങ്കിലും വൈറൽ പനി തുടർന്നുണ്ടായേക്കാവുന്ന ബാക്ടീരിയൽ ഇൻഫക്ഷൻ മൂലം കടുത്തതാകാതിരിക്കാനായി ഒരു മുൻകരുതൽ എന്ന വണ്ണം ചുരുങ്ങിയ കാലത്തേക്ക് കൊടുക്കാറുണ്ട്. (3 മുതൽ 7 ദിവസം വരെ) വൈറൽ പനി ബാധിച്ചയാളുകൾ മറ്റുള്ളവരുമായുള്ള സമ്പർക്കം ഒഴിവാക്കുന്നത് രോഗം പടരാതിരിക്കാൻ സഹായിക്കും. ശരിയായ വിശ്രമം മെഫനമിക് ആസിഡ്, പാരസറ്റമോൾ മുതലായ അനാൽജസിക് ആന്റിപൈററ്റിക് മരുന്നുകൾ എന്നിവ കൂടാതെ കടുത്ത പനി മൂലം ഉണ്ടായേക്കാവുന്ന നിർജലീകരണം ഒഴിവാക്കാനായി തിളപ്പിച്ച് ആറ്റിയ വെള്ളം ധാരാളമായി കുടിക്കണം. ചിലയാളുകൾക്ക് പനി മാറിയാലും ശരീരവേദനയും കടുത്ത ക്ഷീണവും കുറെ ദിവസം കൂടി കാണാറുണ്ട്.

## മഞ്ഞപ്പിത്തം (Hepatitis A)

ഈ രോഗം പരത്തുന്ന വൈറസ് വെള്ളത്തിൽ കൂടിയും ആഹാരത്തിൽ കൂടിയും മറ്റുള്ളവരിലേക്ക് പകരാവുന്നതാണ്. പ്രധാന ലക്ഷണങ്ങൾ കടുത്ത ക്ഷീണം, നേരിയ പനി, ശരീരവേദന, വയറുവേദന, ഓക്കാനം, ഛർദിൽ, മൂത്രത്തിന് കടുത്ത മഞ്ഞനിറം എന്നിവയാണ്. രോഗിയുടെ ത്വക്കിലും കണ്ണിലെ സ്ക്ളീറ(വെളുത്ത ഭാഗം)യിലും മഞ്ഞനിറം പ്രകടമാകും. രക്തത്തിൽ ബിലിറൂബിൻ എന്ന മഞ്ഞനിറത്തിലുള്ള പിഗ്മെന്റിന്റെ അളവ് കൂടുന്നത് കൊണ്ടാണ് ഈ മഞ്ഞനിറം. സാധാരണ രക്തത്തിലെ ബിലിറൂബിൻ ഒരു മില്ലിഗ്രാമിന് താഴെയായിരിക്കും. എന്നാൽ മഞ്ഞപ്പിത്ത രോഗി ബിലിറൂബിൻ രോഗത്തിന്റെ തീവ്രത അനുസരിച്ച് ഒരു മില്ലിഗ്രാമിന് കൂടുതലായിരിക്കും. കരളിനെ ബാധിക്കുന്ന അസുഖമായതിനാൽ കരൾ വീക്കം ഉണ്ടാകാറുണ്ട്. ശരിയായ രീതിയിലുള്ള വിശ്രമം കാർബോ ഹൈഡ്രേറ്റും കൂടുതലടങ്ങിയ ഗ്ലൂക്കോസ്, കരിക്കിൻവെള്ളം എന്നിവയും ഛർദിലും മറ്റും കൂടുതലുള്ള ആളുകൾക്ക് സിരകളിൽ കൂടി



ഗ്ലൂക്കോസ് ഡ്രിപ്പും മറ്റും കൊണ്ട് രോഗം മൂർച്ഛിക്കാതെ നോക്കാവുന്നതാണ്. ഹെപ്പാറ്റൈറ്റിസ് എയ്ക്കുള്ള പ്രതിരോധ കുത്തിവെയ്പ്പ് ലഭ്യമാണ്. ഈ രോഗം മറ്റുള്ളവരിലേക്ക് വേഗം പകരുന്നു. അതുകൊണ്ട് രോഗി ഉപയോഗിച്ച വെള്ളവും ആഹാരവും മറ്റുള്ളവർ ഉപയോഗിക്കരുത്. ഹോസ്റ്റലുകളിലും മറ്റും രോഗം വ്യാപകമായി പടരുന്നതായി കാണുന്നു.

## ഡെങ്കിപ്പനി

അടുത്തകാലത്തായി എല്ലാവർഷവും ഈ രോഗം കണ്ടുവരുന്നു. ശക്തിയായ പനി, നടുവേദന, ശരീരവേദന, തലവേദന കാര്യമായ ക്ഷീണം വിശപ്പില്ലായ്മ, ഛർദ്ദിൽ, മലബന്ധം ചിലപ്പോൾ വയറിളക്കം, തൊണ്ടവേദന, ജലദോഷം എന്നിങ്ങനെ പലതരം ലക്ഷണങ്ങൾ കാണാറുണ്ട്. രോഗ സ്ഥിരീകരണത്തിന് ഡെങ്കി ഐ ജി എം ടെസ്റ്റ് ഫലപ്രദമാ

കാറുണ്ട്. അതോടൊപ്പം രോഗിയുടെ പ്ലേറ്റ്ലെറ്റ് കൗണ്ട് ഇടയ്ക്കിടെ പരിശോധിക്കേണ്ടിവരും. (നോർമൽ 1.5 – 4.5 ലക്ഷം) കൗണ്ട് ക്രമാനുഗതമായി താഴുന്നു വരുകയാണെങ്കിൽ ചിലപ്പോൾ പ്ലേറ്റ്ലെറ്റ് ട്രാൻസ്ഫ്യൂഷൻ വേണ്ടിവരും. പ്ലേറ്റിലെറ്റിന്റെ കുറവ് കാരണം പല രീതിയിലുള്ള ബ്ലീഡിംഗ് ടെൻഡൻസി ഈ രോഗത്തിന്റെ പ്രധാന ലക്ഷണമാണ്. തൊലിപ്പുറത്തോ മൂക്കിൽ കൂടിയോ



മൂത്രത്തിലോ മലത്തിലോ ഒക്കെ രക്തസ്രാവം കാണാറുണ്ട്. ഒരിക്കൽ ഡെങ്കിപ്പനി വന്നയാളുകൾക്ക് രണ്ടാമതൊരിക്കൽ ഈ അസുഖം വരുന്നത് പലപ്പോഴും രക്തസ്രാവം മൂലം ഗുരുതരമാകാറുണ്ട്.

മഴക്കാല രോഗങ്ങളുടെ പ്രധാന കാരണങ്ങൾ എന്താണെന്ന് ഇനി നമുക്ക് പരിശോധിക്കാം. അന്തരീക്ഷ വായുവിലുള്ള പൊടിപടലങ്ങൾ (ബാക്ടീരിയ, വൈറസ്) ഉൾപ്പെടെ മഴമൂലം ഭൂമിയുടെ പ്രതലത്തിൽ പതിക്കുന്നു. തൻമൂലം അപകടകരമാംവിധം രോഗവാഹികളായ സൂക്ഷ്മാണു ജീവികൾ മഴക്കാലത്ത് തലപൊക്കുന്നു. മഴപെയ്ത് പലേടത്ത് പ്രത്യേകിച്ച് ഉപയോഗശൂന്യമായ ചിരട്ട, തൊണ്ട്, കുപ്പികൾ, ടിന്നുകൾ, പ്ലാസ്റ്റിക് കവറുകൾ, ഒഴിഞ്ഞ പാത്രങ്ങൾ എന്നിവയിൽ വെള്ളം കെട്ടി നിന്ന് കൊതുകിന്റെ കൂത്താടികൾക്ക് വളക്കൂറുള്ള അന്തരീക്ഷം ഒരുക്കുന്നു. വീടിന്റെ വേസ്റ്റ് വെള്ളം വീഴുന്ന സ്ഥലങ്ങളിലും മഴവെള്ളം കെട്ടിനിൽക്കാനുള്ളൊരവസരം ഉണ്ടാകാറുണ്ട്. അതുകൊണ്ട് മഴക്കാലത്ത് ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡ്രൈഡേ (വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ ഒഴിവാക്കാനായുള്ള പദ്ധതികൾ ആയി നമുക്ക് ആചരിക്കേണ്ടതുണ്ട്. ചിക്കൻ ഗുനിയ, ഡെങ്കിപ്പനി, മലേറിയ, മന്ത് തുടങ്ങിയവ കൊതുകുജന്യരോഗങ്ങളാണ്.

## ടൈഫോയ്ഡ് പനി (ജ്വരപ്പനി)

സാൽമണൊല്ല വിഭാഗത്തിൽപ്പെടുന്ന ബാക്ടീരിയകൾ കൊണ്ടുണ്ടാകുന്ന ഈ രോഗം വെള്ളത്തിൽകൂടിയ ഭക്ഷണത്തിൽ കൂടിയാണ് പകരുന്നത്. വ്യക്തി ശുചിത്വം പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, ഈച്ചകളെ അകറ്റൽ തുടങ്ങിയ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചും ടൈഫോയ്ഡിന് എതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പ് എടുത്തും ഒരളവുവരെ പ്രതിരോധിക്കാം. രോഗിക്ക് പൂർണ്ണ വിശ്രമം ആവശ്യമായ ഈ രോഗം രക്തത്തിലെ വൈഡൽ പാർട്ട് വഴിയാണ് സാധാരണ കണ്ടുപിടിക്കുന്നത്.

## ചിക്കുൻഗുനിയ

കൊതുകുജന്യരോഗമായ ചിക്കുൻഗുനിയ ഏതാനും വർഷങ്ങൾക്ക് മുൻപ് പരക്കെ കണ്ടുവരുന്നു. ശക്തിയായ പനി, സന്ധികൾക്കുണ്ടാകുന്ന കടുത്ത വേദനയും നീരും ക്ഷീണം തുടങ്ങിയവയാണ് ലക്ഷണങ്ങൾ. രോഗം ഭേദമായാലും കാലാകാലങ്ങളിൽ സന്ധിവേദനയും സന്ധിവീക്കവും പലർക്കും ഉണ്ടാകാറുണ്ട്.

## എലിപ്പനി

എലിയുടെ മൂത്രത്തിൽ കൂടിയാണ് ഇത് പകരുന്നത്. വെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥ ഒഴിവാക്കുന്നത് മൂലവും എലിനശീകരണത്തിലൂടെയും കുറെ സംരക്ഷണം ലഭിക്കും. എലിയെ കൂടാതെ കന്നുകാലികൾ, നായ, പന്നി എന്നിവയിലും രോഗാണുക്കൾ കണ്ടുവരുന്നു. ശരീരത്തിൽ മുറിവുകൾ ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ ജന്തുക്കളുടെ മൂത്രം കലർന്ന ജലാശയങ്ങൾ, ഓടകൾ, കൃഷിയിടങ്ങൾ എന്നിവയിൽ ഇറങ്ങുന്നത് രോഗബാധയുണ്ടാക്കാം. റെപ്റ്റോ ആന്റി ബോഡി ടെസ്റ്റ് ചെയ്ത് രോഗം സ്ഥിരീകരിക്കാം. കിഡ്നിയുടെ പ്രവർത്തനം തകരാറിലാക്കുന്ന ഈ അസുഖം നേരത്തെ കണ്ടുപിടിച്ച് മതിയായ ചികിത്സ ലഭ്യമാക്കിയില്ലെങ്കിൽ മരണകാരണമായേക്കാം.

## H1N1, മലേറിയ, കോളറ

എന്നീ രോഗങ്ങളും മഴക്കാല രോഗങ്ങളുടെ പട്ടികയിൽപ്പെടുന്നു. ആദ്യ രണ്ടും കൊതുകുകളിലൂടെയും കോളറ രോഗം രോഗാണുവാഹികളായ വെള്ളം, ഭക്ഷണം എന്നിവയിലൂടെയുമാണ് പകരുന്നത് മതിയായ ചികിത്സ ലഭ്യമാക്കാതിരുന്നാൽ ഇവ മാരകമാണ്. H1N1രോഗം സ്ഥിരീകരിച്ചാൽ ഓസറ്റാൻ വിമിർ വിഭാഗത്തിലെ മരുന്നുകളും മലേറിയയ്ക്ക ക്ലോറോക്വിൻ വിഭാഗത്തിലെ മരുന്നുകളും കൊടുക്കാറുണ്ട്. കോളറാരോഗം ഭയാനകമാംവിധം മാരകമായതിനാൽ നിർജലീകരണം ഒഴിവാക്കാനായി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു തീവ്രപരിചരണം വേണ്ടിവരും. നിയന്ത്രണമില്ലാത്ത വയറിളക്കവും (കഞ്ഞിവെള്ളം പോലെ) ഛർദിയുമാണ് ഇതിന്റെ പ്രധാന രോഗലക്ഷണങ്ങൾ. തന്മൂലം ശരീരത്തിലെ സോഡിയം, പൊട്ടാസ്യം ബൈ കാർബണേറ്റ് , ക്ലോറൈഡ് തുടങ്ങിയ ലവണങ്ങളുടെ അളവിൽ അസന്തുലിതാവസ്ഥ ഉണ്ടാകുകയും പലപ്പോഴും അത്യാഹിതം സംഭവിക്കുകയും ചെയ്യും

## മലേറിയ

കൊതുകജന്യരോഗമായ മലേയറിയ പലതരമാണ്. ഫാൾ സിപാരം മലേറിയ, മലേറിയ വൈമാക്സ്, സെറിബ്രൽ മലേറിയ എന്നിവ ഉദാഹരണം. 24 മണിക്കൂർ അല്ലെങ്കിൽ 48 മണിക്കൂർ ഇടവിട്ടുള്ള ശക്തിയായ വിറയലോട് കൂടിയ പനി, 'നല്ല വണ്ണം വിയർത്ത് പനി കുറയുന്നു'. ഇതോടൊപ്പം ശക്തിയായ തലവേദന, ശരീരവേദന (കരളിനെ ബാധിക്കുന്നത് മൂലം)ഛർദിൽ, വിശപ്പില്ലായ്മ, കടുത്ത ക്ഷീണം എന്നിവയും കാണാറുണ്ട്.

രക്ത പരിശോധനയിൽ മലേറിയൻ പാരസൈറ്റ് കാണപ്പെടുന്നു. തുടക്കത്തിലേയുള്ള വിദഗ്ധ പരിചരണവും ചികിത്സയും ലഭിച്ചില്ലെങ്കിൽ രോഗം ഗുരുതരമാവുകയും മരണം സംഭവിക്കുകയും ചെയ്യാം. മലേറിയ ബാധിച്ച രോഗിയുടെ രക്തം സ്വീകരിക്കുന്നയാൾക്കും ഈ രോഗം ബാധിക്കും. ചുരുക്കത്തിൽ പരിസരമലിനീകരണവും തൻമൂലമുള്ള കൊതുക്, എലി, ഈച്ച എന്നിവയുടെ അതിപ്രസരണവും തടയാൻ കഴിഞ്ഞാൽ ഒരളവുവരെ മഴക്കാല രോഗങ്ങളിൽ നിന്നും രക്ഷനേടാം. ഈ അസുഖം ബാധിക്കുന്ന കുട്ടികളിലും വൃദ്ധരിലും പൊതുവെ രോഗപ്രതിരോധ ശക്തി കുറഞ്ഞ അർബുദരോഗികളിലും വളരെ നേരത്തെ ശരിയായ ചികിത്സ ലഭിച്ചില്ലെങ്കിൽ മാരകമായിത്തീരാം.

പരിസരശുചിത്വവും വ്യക്തിശുചിത്വവും കൊതുകുനശീകരണവും ഒരു വെല്ലുവിളിയായി സമൂഹം ഏറ്റെടുക്കുന്നത് ഒരു ആരോഗ്യകേരളം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല.●

*പേരൂർക്കട ഇ എസ് ഐ ഹോസ്പിറ്റലിലെ ഇ എൻ ടി സ്പെഷ്യലിസ്റ്റാണ് ലേഖകൻ*



# വർഷകാലവും ആയുർവേദവും

ഡോ.എം.സി. വിജയചന്ദ്രദാസ്

**മഴക്കാല ചികിത്സയ്ക്ക് ഒരു സാമൂഹിക വശംകൂടി ഉണ്ട്. പുരാതന കേരളത്തിൽ കൃഷിയെ ആശ്രയിച്ച് ഭൂരിപക്ഷം പേരും ജീവിച്ചിരുന്നപ്പോൾ മഴക്കാലം വിശ്രമകാലമായിരുന്നു. അടുത്ത ഒരു വർഷത്തേക്കുള്ള അധ്വാനത്തിന് ആവശ്യമായ ശരീരബലം സംഭരിക്കുന്നതിന് വിശ്രമകാലത്തിനൊടുവിൽ ചെയ്യുന്ന ചികിത്സയായിരുന്നു മഴക്കാല ചികിത്സ.**

ഭൂഗോളത്തിൽ കേരളത്തിന്റെ സ്ഥാനത്തിന്റെ സവിശേഷതയാൽ നമുക്ക് വ്യക്തമായി നാലു കാലാവസ്ഥകളേ അനുഭവപ്പെടുന്നുള്ളു. വേനൽ, വർഷം, മഴയും വെയിലും കലർന്ന ഒരു കാലം, തണുപ്പുകാലം എന്ന നാലു കാലാവസ്ഥകളാണ് നമുക്കുള്ളത്. കുംഭം മുതൽ ഇടവം പകുതിവരെ വേനൽ, ഇടവപ്പാതി മുതൽ കർക്കിടകം വരെ വർഷകാലം, ചിങ്ങം മുതൽ തുലാം വരെയുള്ള സുഖശീതളകാലം, വൃശ്ചികം മുതൽ മകരം വരെ മഞ്ഞുകാലം.

ഒരുസംവത്സരത്തെ പ്രധാനമായി രണ്ടായി വിഭജിച്ചിരിക്കുന്നു. ഉത്തരായനമെന്നും ദക്ഷിണായനമെന്നും. ഭാരതം ഭൂഗോളത്തിന്റെ ഉത്തരാർദ്ധത്തിൽ ഭൂമദ്ധ്യരേഖയോടടുത്തു സ്ഥിതിചെയ്യുന്ന ഭൂപ്രദേശമാണ്. സൂര്യന്റെ രശ്മികൾ ലംബമായി ഉത്തരാർദ്ധഗോളത്തിൽ പതിക്കുന്ന ആറുമാസ കാലയളവിനെ ഉത്തരായനമെന്നും സൂര്യൻ ദക്ഷിണാർദ്ധഗോളത്തിൽ പതിക്കുന്ന കാലയളവിനെ ദക്ഷിണായനമെന്നും പറയുന്നു.

വേനലും വർഷവും ഉത്തരായനകാലത്തിലും മറ്റു രണ്ടു കാലാവസ്ഥകളും ദക്ഷിണായനകാലത്തിലുമാണ് വരുന്നത്. ഉത്തരായന കാലത്ത് സൂര്യന്റെ ചൂട് കൂടുതൽ തീക്ഷ്ണമായി അനുഭവപ്പെടുന്നു. കാറ്റു വരണ്ടിരിക്കും അതിനാൽ ഭൂമിയിൽ നിന്നും പരമാവധി ജലാംശം നഷ്ടപ്പെടുന്നു. ഈ കാലത്തെ ആദാനകാലമെന്നും പറയുന്നു. ഈ ശുഷ്കീകരണഭാവം സസ്യങ്ങളിലും ജന്തുക്കളിലുമെന്നപോലെ മനുഷ്യശരീരത്തിൽ വിശേഷിച്ചും പ്രകടമാകുന്നു. ദൗർബല്യം അനുഭവപ്പെടുകയും രൂക്ഷത അധികരിക്കുകയാൽ വാതം വർദ്ധിക്കുകയും ചെയ്യുന്നു. തത്ഫലമായി വാതരോഗങ്ങൾ ഉണ്ടാകാനും വർദ്ധിക്കാനും ഇടയാകുന്നു. നേരേ മറിച്ച് ദക്ഷിണായന കാലം ആർദ്രീകരണത്തിന്റെ കാലമാണ്. സൂര്യരശ്മികൾ അകലെ നിന്ന് ചരിഞ്ഞ് പതിക്കയാൽ തീക്ഷ്ണത കുറയുകയും ഈ കാലത്തെ വിസർഗ്ഗകാലമെന്ന് പറയുകയും ചെയ്യുന്നു. സൂര്യന്റെ ചൂടിന്റെ രൂക്ഷത കുറഞ്ഞ് മനുഷ്യശരീരത്തിന് സ്നിഗ്ധതയേറുന്ന കാലമാണിത്. ദക്ഷിണായനത്തിന്റെ അന്ത്യത്തിലും ഉത്തരായനത്തിന്റെ തുടക്കത്തിലും മനുഷ്യർക്ക് ദൗർബല്യമേറുന്നു. രണ്ടുകാലത്തിന്റെയും മദ്ധ്യത്തിൽ മദ്ധ്യമബലവും ഉത്തരായനത്തിന്റെ അന്ത്യത്തിലും ദക്ഷിണായനത്തിന്റെ ആദിയിലും ഉത്തമബ



ലവും അനുഭവപ്പെടുന്നു. ഇങ്ങനെയാകുമ്പോൾ കർക്കിടകം, ചിങ്ങം മാസങ്ങളിലാണ് ശരീരബലം ഏറിയിരിക്കുന്നത്.

കേരളത്തിൽ മഴക്കാലത്തിന് വളരെ സവിശേഷമായ പ്രാധാന്യമുണ്ട്. ആരോഗ്യരക്ഷയ്ക്ക് ഏറ്റവും കൂടുതൽ പ്രാമുഖ്യം നൽകിയിരിക്കുന്ന കാലമാണിത്.

മഴക്കാല ചികിത്സയ്ക്ക് ഒരു സാമൂഹിക വശംകൂടി ഉണ്ട്. പുരാതന കേരളത്തിൽ കൃഷിയെ ആശ്രയിച്ച് ഭൂരിപക്ഷം പേരും ജീവിച്ചിരുന്നപ്പോൾ മഴക്കാലം വിശ്രമകാലമായിരുന്നു. അടുത്ത ഒരു വർഷത്തേക്കുള്ള അധ്വാനത്തിന് ആവശ്യമായ ശരീരബലം സംഭരിക്കുന്നതിന് വിശ്രമകാലത്തിനൊടുവിൽ ചെയ്യുന്ന ചികിത്സയായിരുന്നു മഴക്കാല ചികിത്സ.

ആയുർവേദ ശാസ്ത്രപ്രകാരം രോഗപ്രതിരോധത്തിനാണ് കൂടുതൽ പ്രാധാന്യം. എങ്ങനെയൊക്കെ ജീവിച്ചാൽ രോഗങ്ങളെ ചെറുത്ത് അരോഗദൃഢഗാത്രരായി കഴിയാമെന്ന് വിശദമായി ഉപദേശിച്ചശേഷമാണ് രോഗങ്ങൾ വന്നാൽ ചെയ്യേണ്ട ചികിത്സാവിധികൾ നിർദ്ദേശിക്കുന്നത്. അതിനാൽ വളരെ വിപുലമായ ദിനചര്യാക്രമങ്ങളും മറ്റും വിധിച്ചിട്ടുണ്ട്. ഓരോ ഋതുവിലും ഭൂമിക്കും മനുഷ്യശരീരത്തിലും അന്തരീക്ഷത്തിലും വരുന്ന മാറ്റത്തിനനുസരിച്ച് ദിനചര്യയിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗമാണ് ഋതുചര്യ.

മഴയും കാറ്റും അധികമുള്ള ദിവസങ്ങളിൽ കഫത്തെയും വായുവിനെയും കുറയ്ക്കുന്നതും ജലാംശം കുറഞ്ഞതും ലഘുവും ഉഷ്ണവും സ്നിഗ്ധവും ഉപ്പും പുളിയും യഥേഷ്ടം ഉള്ളതുമായി ഭക്ഷണം ശീലിക്കുക.

അന്നപാനം സാമാന്യമായി പാകം ചെയ്തതും തേൻ ചേർത്തതുമായിരിക്കണം. വീട് ഇഴജന്തുക്കളും നിലത്ത് നിന്നുള്ള ആവിയും തണുത്ത കാറ്റും മഴചാറ്റലും കടക്കാത്തതും നെരിപ്പോടുള്ളതും ഈച്ചയും കൊതുകും എലിയും ഇല്ലാത്തതുമായിരിക്കണം. പരിസര ശുചിത്വത്തിൽ പ്രത്യേക ശ്രദ്ധവേണം.

വർഷകാലത്തു നാം കഴിക്കുന്ന ആഹാരം മൂന്നു ദോഷങ്ങളെയും കോപിപ്പിക്കാത്തതും മന്ദമായിരിക്കുന്ന അഗ്നിക്ക് ബുദ്ധിമുട്ടില്ലാതെ ദഹിപ്പിക്കാൻ അനുയോജ്യമായ ലഘുത്വമുള്ളതുമായിരിക്കണം. ഇത്തരത്തിലുള്ള ഒരു ആഹാരക്രമം കേരളീയർക്ക് സുപരിചിതവും നിത്യശീലവുമാണ്. പൊതുവെ എണ്ണ അധികമുള്ളവ, വറുത്തവ, മധുരം, പുളി, ഉപ്പ് എന്നീ രസങ്ങൾക്ക് പ്രാമുഖ്യമുള്ളവ ഇവയെല്ലാം ഒഴിവാക്കി ആവിയിൽ വേവിച്ചതും വറുത്തപൊടികൊണ്ട് തയാറാക്കിയതും എരിവ്, ചവർപ്പ്, കയ്പ് രസങ്ങൾക്ക് പ്രാമുഖ്യമുള്ളതുമായ ആഹാരങ്ങളാണ് ഹിതം.

ശരീരത്ത് മരുന്നരച്ച് പുരട്ടുക, പൊടിയിട്ട് തിരുമ്മി കുളിക്കുക, പുകയേൽക്കുക, ചന്ദനവും അകിലും അരച്ച് തേക്കുക എന്നിവ നന്ന്. നദിയിലെ വെള്ളം, മലർപൊടി കലക്കിയ വെള്ളം, പകലുറക്കം, അധികം ദ്രവമായ ആഹാരം ഇവ ഒഴിവാക്കുക. ചാറ്റൽ, കാൽനട, വ്യായാമം, സൂര്യരശ്മി എന്നിവയെ വർജിക്കുക.

ഈർപ്പവും ഒഴുക്കുവെള്ളവും ക്ഷീണിച്ച ശരീരബലവും വർഷകാലത്ത് പകർച്ചവ്യാധികൾക്ക് അനുകൂല കാലമാണ്. ഏതെങ്കിലും കാരണവശാൽ ശരീരശക്തി ക്ഷീണിതമായാൽ അവ ബാധിക്കുക തന്നെ ചെയ്യും. അതിനാലാണ് കർശനമായ സുരക്ഷ വർഷകാലത്ത് വേണമെന്ന് നിഷ്കർഷിക്കുന്നത്.

എലിപ്പനി, ജപ്പാൻജ്വരം, ഡങ്കിപ്പനി തുടങ്ങിയ രോഗങ്ങളെ ഒഴിവാക്കേണ്ടത് അത്യന്താപേക്ഷിതമാണല്ലോ. കെട്ടി നിൽക്കുകയും ഒഴുകുകയും ചെയ്യുന്ന വെള്ളത്തിലൂടെയും വേണ്ടത്ര പാദസംരക്ഷത്തോടുകൂടി അല്ലാതെയും വഴിനടക്കരുതെന്ന് ഓർമിപ്പിക്കുന്നു. അഗ്നിബലം അഥവാ ദഹനശക്തിയുടെ സംരക്ഷണം രോഗപ്രതിരോധത്തിന്റെ അടിത്തറ ആയതിനാലാണ് നവമായ ഭക്ഷണം ചെറുചൂടോടെതന്നെ കഴിക്കാൻ വിധിക്കുന്നത്. ഭക്ഷണപദാർത്ഥങ്ങൾ ശുചിയായും ശുദ്ധമായും അടച്ച് സൂക്ഷിക്കേണ്ടതാണ്.

അരിയെന്നപോലെ പഴകിയ ഗോതമ്പു കൊണ്ടുള്ള കഞ്ഞിയും പറവമാംസം യുക്തമായ വ്യഞ്ജനങ്ങളാൽ തയാറാക്കിയും ചെറുപയറു സൂപ്പും പഴകിയ മദ്യവും അരിഷ്ടവും തൈരും വെള്ളത്തിൽ പഞ്ചകോലം പൊടിച്ചു ചേർത്തതും ഹിതമായ ഭക്ഷ്യപേയങ്ങളാണ്. സാമാന്യമായി കടുക്, മുതിര, അമരയ്ക്ക, വെളുത്തുള്ളി, വഴുതന, കടൽമത്സ്യങ്ങൾ, ആട്ടിൻമാംസം, തൈര്, പുളിച്ചമോര് ഇവ അഹിതമാണ്.

അഗ്നിബലം വർദ്ധിക്കുന്നതും ആരോഗ്യരക്ഷ ചെയ്യുന്നതുമായ ഔഷധയോഗങ്ങൾ ചേർത്ത് പാകം ചെയ്യുന്ന ഔഷധകഞ്ഞി കർക്കിടകമാസത്തിന്റെ ഒരു മുഖമുദ്രയായിട്ടുണ്ട്. യഥാവിധി ചെയ്യുന്നതായാൽ ഇതെത്രമാത്രം പ്രയോജനകരമായിരിക്കുമെന്ന് പറയേണ്ടതില്ല.

ലഘുവായ ദോഷനിർഹരണ പ്രയോഗങ്ങളായ അഭ്യംഗസ്നാനം (കുഴമ്പ് തേച്ച് കുളി) ഊഷ്മസ്വേദം (വിയർപ്പിക്കൽ) വയറിളക്കൽ ഇവ സംയോജിപ്പിച്ചാൽതന്നെ വളരെയധികം പ്രയോജനപ്രദമാണ്. വിദഗ്ധനായ ഒരു വൈദ്യന്റെ മേൽനോട്ടത്തിൽ ഈ ചികിത്സാക്രമങ്ങൾക്ക് വിധേയരായി പഥ്യാഹാരവിഹാരങ്ങളോടുകൂടി ഓരോ മഴക്കാലത്തും ഒരു പുതിയ ആരോഗ്യകരമായ ജീവിതത്തിലേക്കുള്ള പന്ഥാവാക്കി മാറ്റുക.●

# അറിയാൻ

## തൊഴിലുറപ്പ് പദ്ധതി
## വരവ് ചെലവുകൾ പഞ്ചായത്ത് കണക്കിൽ രേഖപ്പെടുത്തൽ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കൾക്കുള്ള വേതനം, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും ചെക്ക് മുഖാന്തിരമാണ് നൽകിയിരുന്നത്. എന്നാൽ 2013-14 വർഷത്തിൽ പ്രസ്തുത പെയ്മെന്റ്, ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖാന്തിരം എംജിഎൻആർഇപി നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്ന രീതി നിലവിൽ വരികയുണ്ടായി. ഇപ്രകാരം, ഗ്രാമപഞ്ചായത്ത് നേരിട്ട് തുക കൈകാര്യം ചെയ്യാത്തതിനാൽ പ്രസ്തുത വരവ് ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്ന സംശയം വിവിധ കോണുകളിൽ നിന്നും ഉയർന്നുവരികയുണ്ടായി. ഈ വിഷയത്തിൽ താഴെ ചേർക്കുന്നതുപ്രകാരമുള്ള സ്പഷ്ടീകരണം നൽകുന്നു.

എംജിഎൻആർഇജിഎസ് വഴിയുള്ള പണമിടപാടുകൾ നേരിട്ട് ഗ്രാമപഞ്ചായത്തുകൾ നടത്തുന്നില്ലെങ്കിലും ബന്ധപ്പെട്ട രേഖകളും വൗച്ചറുകളും പഞ്ചായത്തുകൾ തന്നെയാണ് സൂക്ഷിക്കുന്നത്. ഫണ്ട് ട്രാൻസ്ഫറിന് ആവശ്യമായ റിക്വസ്റ്റ് തയാറാക്കുന്നതും പഞ്ചായത്തുകൾ തന്നെയാണ്. ആയതിനാൽ ഈ ഇനത്തിലുള്ള വരവ് ചെലവ് കണക്കുകൾ പഞ്ചായത്ത് കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

2013-14 ൽ സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ഉപയോഗിച്ച് നടത്തിയ ഇടപാടുകൾ ഇതിനോടകം സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ടാകും. ഇതോടൊപ്പം ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (ഇഎഫ്എംഎസ്) വഴി നടത്തിയ ഇടപാടുകളും സാംഖ്യയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായി 31.03.2014 വരെ നൽകിയ ഫണ്ട് ട്രാൻസ്ഫർ ഓർഡർ (എഫ്ടിഒ) സമ്മറി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്തെടുത്ത് ഈ സാംഖ്യയ്ക്ക് 251300801 എന്ന ഹെഡ്ഡിന് ഡെബിറ്റും 160100601 എന്ന ഹെഡ്ഡിന് ക്രഡിറ്റും നൽകി ജേണൽ എൻട്രി നൽകി പ്രസ്തുത കണക്ക് ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

**ഉത്തരവ് നം: 31620/എഎ 1/2014/തസ്വഭവ തദ്ദേശസ്വയംഭരണ (എഎ) വകുപ്പ് തിരുവനന്തപുരം, തീയതി 24.05.2014**

## ഗുണഭോക്താക്കൾക്കു വേണ്ടിയുള്ള ചെലവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭവന നിർമാണ പദ്ധതികളിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവർ 12 വർഷത്തേക്ക് വീടും സ്ഥലവും കൈമാറ്റം ചെയ്യുകയില്ല എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ പേരിൽ കരാർ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും അപ്രകാരം ചെയ്യുമ്പോൾ ആയതിനുള്ള രജിസ്ട്രേഷൻ ഫീസിനും മുദ്രപത്രത്തിനുമുള്ള ചെലവ് ഗുണഭോക്താക്കൾക്ക് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ വഹിക്കാവുന്നതാണ്.

**ഉത്തരവ് നം: സ.ഉ(സാധാ)നം.1050/14/തസ്വഭവ തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ് തിരുവനന്തപുരം, തീയതി: 29.04.2014**

## വിവിധ പദ്ധതികളുടെ ഫണ്ട് വിനിയോഗം

തദ്ദേശസ്വയംഭരണ വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ നിർവണോദ്യാഗസ്ഥനായി നടപ്പിലാക്കുന്ന പദ്ധതികൾക്കായി സർക്കാർ അനുവദിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതു പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അവർ തെരഞ്ഞെടുക്കുന്ന ബാങ്കിൽ (സർവീസ് കോഓപ്പറേറ്റീവ് ബാങ്ക്, കൊമേഴ്സ്യൽ ബാങ്ക്, റീജിയണൽ റൂറൽ ബാങ്ക് തുടങ്ങിയവ) അക്കൗണ്ട് തുടങ്ങേണ്ടതും ഗ്രാമപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽനിന്നും അവർക്ക് അനുവദിക്കുന്ന തുക അക്കൗണ്ട് ട്രാൻസ്ഫർ വഴി അവരുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതുമാണ്. ഓരോ പദ്ധതിക്കും അനുവദിക്കുന്ന ഫണ്ട് ഓരോ പ്രത്യേക അക്കൗണ്ടിൽ ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരോ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരോ പണം നേരിട്ട് കൈകാര്യം ചെയ്യാൻ പാടില്ല. ഓഫീസുകളിൽ പണം കൈകാര്യം ചെയ്യുന്നത് ഏറ്റവും കുറഞ്ഞ അളവിൽ ആയിരിക്കണം. ബാങ്കിൽ നിന്ന് ലഭിക്കുന്ന സ്റ്റേറ്റുമെന്റുകളും സർട്ടിഫിക്കറ്റുകളും ഫണ്ട് വിതരണം ചെയ്തതിനുള്ള രേഖകളായി സൂക്ഷിക്കേണ്ടതാണ്.

**ഉത്തരവ് നം: 27383/ഇആർബി3/12തസ്വഭവ. തീയതി, തിരുവനന്തപുരം, 15.07.2014**